ബാലസാഹിത്യഗ്രന്ഥാവലി

ISLAM HIGH SCHOOL
Date..............
ERNAKULAM.

# പമ്പാനദി

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, കേരളം.

ബാലസാഹിത്യഗ്രന്ഥാവലി.

# പമ്പാനദി

MUNAVIRUL ISLAM HIGH SCHOOL
Date.....................
ERNAKULAM.

(S. I. E.)

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ കേരളം.

PRINTED AT
THE PRESS RAMSES,
TRIVANDRUM.

MUNAWWARUL ISLAM HIGH SCHOOL
Date..................
ERNAKULAM.

# ആമുഖം

1968 ജനുവരി—ഫെബ്രുവരി മാസങ്ങളിൽ സ്റ്റേററ ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽവച്ചു ഒരു ബാലസാഹിത്യരചനാലയം സംഘടിപ്പിക്കുകയുണ്ടായി. പരിചയസമ്പന്നരും സാഹിത്യകാരന്മാരുമായ ഇരുപതു അദ്ധ്യാപകർ അതിൽ പങ്കുകൊണ്ടിരുന്നു. അവരുടെ ശ്രമഫലമായി രൂപംകൊണ്ട ഇരുപതു ഗ്രന്ഥങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നതു്.

ഈ ഗ്രന്ഥങ്ങൾ അപ്പർ പ്രൈമറി വിദ്യാർത്ഥികളെ ഉദ്ദേശിച്ചുകൊണ്ടു രചിച്ചവയാണ്. പ്രാഥമികഘട്ടത്തിലെ വിദ്യാർത്ഥികൾക്കു വായനയിലുള്ള താത്പര്യവും ശീലവും വളർത്തുവാൻ ഈ കൃതികൾ ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

ഡയറക്ടർ.

# ബാലസാഹിത്യ രചനാലയം

# 1968.

## പങ്കെടുത്തവർ.

1. വി. കെ. അബു
2. വി. കെ. ബാലചന്ദ്രൻ
3. ഇ. പി. ഭരതപ്പിഷാരടി
4. എൻ. ഭാസ്കരപിള്ള
5. ഈശോ ഉമ്മൻ
6. എൻ. ഗംഗാധരൻ
7. കെ. കെ. കരുണാകരൻ
8. ഒയ്. കൊച്ചുമ്മൻ
9. വി. പി. കുഞ്ഞുരാമപുതുവാൾ
10. കെ. കെ. രാമചന്ദ്രൻ നായർ
11. കെ. വി. രാമനാഥൻ
12. വി. ശ്രീധരൻ
13. കെ. ശ്രീവത്സൻ
14. ഏ. പി. സുകുമാരൻ നായർ
15. കെ. കെ. തോമസ്
16. കെ. പി. ഉണ്ണിക്കൃഷ്ണൻ
17. എൻ. വാസുദേവൻ നമ്പ്യാതിരി
18. ആർ. വീരകേരളവർമ്മതമ്പാൻ
19. കെ. വേലായുധൻ
20. കെ. വി. സേവ്യർ

# പമ്പാനദി

## ഒന്നു്.

പുനലൂർ,
15-11-67.

പ്രിയപ്പെട്ട മധുവിനു്,

നീ അയച്ച എഴുത്തുകിട്ടി. വിവരങ്ങൾ അറിഞ്ഞതിൽ സന്തോഷിക്കുന്നു. നിനക്കു് അവിടെ വളരെ സുഖമാണെന്നു് നീ എഴുതിയിരുന്നല്ലൊ. അതിലാണു് എനിക്കു് കൂടുതൽ സന്തോഷം. നിന്നെ എറണാകുളത്തു് അയയ്ക്കുന്ന കാര്യത്തിൽ നിൻെറ അമ്മയ്ക്കു സന്തോഷമായിരുന്നില്ല. നിനക്കു് അവിടെ വളരെ സുഖമാണെന്നുള്ള കാര്യം നിൻെറ അമ്മയേയും എഴുതി അറിയിക്കണം. പഠിത്തക്കാര്യത്തിൽ നിൻെറ അമ്മാവൻ വേണ്ടതു പോലെ സഹായിക്കും. നിനക്കു് കഥകൾ കേൾക്കുന്നതു് വളരെ ഇഷ്ടമല്ലേ? മുത്തച്ഛനും മുത്തശ്ശിയും ധാരാളം കഥകൾ പറഞ്ഞു തരും. മുത്തച്ഛനു് ധാരാളം പുരാണകഥകളറിയാം. പാഠഭാഗങ്ങളിൽ എന്തെങ്കിലും സംശയം ഉണ്ടായാൽ അമ്മാവനോടു് ചോദിക്കണം. അമ്മാവൻ ഭംഗിയായി പറഞ്ഞുതന്നു് സംശയം തീർക്കും.

നിൻെറ കഴിഞ്ഞ എഴുത്തിലെ മൂന്നാമത്തെ ഖണ്ഡികയുടെ മറുപടിയാണു് ഇനി എഴുതുന്നതു്. ഞാൻ കോളേജിലെ കുട്ടികളുമായി വിനോദയാത്രയ്ക്കു് പോകാറുണ്ടായിരുന്നല്ലോ. പല യാത്രകളിലായി ഇപ്പോൾ ഞാൻ കേരളം മുഴുവൻ സഞ്ചരിച്ചു കഴിഞ്ഞിരിക്കുന്നു. യാത്രമൂലം ലഭിച്ചിട്ടുള്ള അറിവു് നിനക്കും കൂടി നൽകാൻ ഞാൻ ഉദ്ദേശിക്കുകയാണു്. ഉദ്ദേശിച്ചതേയുള്ളു; എൻെറ ഓർമ്മയിൽ പല കാഴ്ചകളും വന്നു നിറയുന്നു. അണക്കെട്ടുകൾ, വൈദ്യുതപദ്ധതികൾ, പർവതങ്ങൾ, തടാകങ്ങൾ,

മഹാക്ഷേത്രങ്ങൾ, വെള്ളച്ചാട്ടങ്ങൾ, വ്യവസായശാലകൾ അങ്ങനെ പലതും. ഇതിൽ ഏതിനെപ്പററി എഴുതണമെന്നാണു് ഞാൻ ആലോചിക്കുന്നതു്. തിരുവനന്തപുരത്തുള്ള പല കാഴ്ചകളും നാം ഒരുമിച്ചുപോയി കണ്ടിട്ടുള്ളതാണു്. പിന്നെ ഏതിനെപ്പററി എഴുതണം?

കണ്ടുപിടിച്ചു; നിനക്കു പററിയ ഒരു വിഷയം. ഒരു നദിയെപ്പറ്റി എഴുതാം. ഒരു നദിയുടെ ഉത്ഭവം മുതൽ അതിന്റെ പതനം വരെ നീ കാണുകയാണെന്നു വിചാരിക്കുക. എന്തെല്ലാമായിരിക്കും കാണുന്നതു്? അനേകം സ്ഥലങ്ങൾ, അവിടെയുള്ള ജനങ്ങൾ, അവിടുത്തെ പ്രകൃതിഭംഗികൾ, ക്ഷേത്രങ്ങൾ, അണക്കെട്ടു്, പാലങ്ങൾ അങ്ങനെ പലതും. ആ സ്ഥലങ്ങളിലെ ജനങ്ങളുമായി സംസാരിച്ചാൽ ചില കഥകളും കേൾക്കാൻ കഴിയും. ആ കഥകൾ കേൾക്കുമ്പോൾ നമുക്കു് അത്ഭുതവും അറിവും ആനന്ദവും എല്ലാം ഉണ്ടാകുന്നു. അതുകൊണ്ടു് പല എഴുത്തുകളിലൂടെ ഒരു നദിയെപ്പററിത്തന്നെ വിവരിക്കാം. കേരളത്തിലെ ഒരു നദിയെപ്പററിയായിരിക്കും. അങ്ങനെയാണെങ്കിൽ ഏതു നദിയെപ്പററിയായിരിക്കും ഞാൻ വിവരിക്കാൻ പോകുന്നതു്? താഴോട്ടു വായിക്കുമ്പോൾ ഏതു നദിയെപ്പറ്റിയെന്നു നിനക്കു മനസ്സിലാകും.

നമ്മുടെ മിക്കനദികളെയും "ആറു്" എന്നു പേരല്ലേ വിളിക്കാറുള്ളതു്? പെരിയാറു്, മൂവാററുപുഴയാറു് അങ്ങനെ പലതും. എന്നാൽ ഒരു നദിയെ നദിയെന്നു പേരാണു് വിളിക്കാറുള്ളതു്. പമ്പാനദിയുടെ പേരു് ഇപ്പോൾ നിന്റെ ഓർമ്മയിൽവന്നു കാണും. പമ്പയെ പമ്പാനദിയെന്നല്ലേ കൂടുതൽ പേരും വിളിക്കാറുള്ളതു്? ആ പമ്പാനദിയെപ്പററി നിനക്കെഴുതാമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

പമ്പാനദിയെക്കുറിച്ചു് വിവരിക്കാൻ ഉദ്ദേശിച്ചതിനു് മറെറാരു കാരണം കൂടിയുണ്ടു്. നിന്റെ എഴുത്തിലെ മൂന്നാം

ഖണ്ഡികയിൽ ശബരിഗിരി പദ്ധതിയെക്കുറിച്ചും, ആറന്മുള വള്ളംകളിയെക്കുറിച്ചുമെല്ലാം ചോദിച്ചിരിക്കുന്നു. അതെല്ലാം പമ്പാനദിയിലാണ്. പമ്പയെക്കുറിച്ചു നിനക്കെഴുതുമ്പോൾ എല്ലാം അതിൽ ഉൾപ്പെടും. നീ അറിഞ്ഞിട്ടില്ലാത്ത പല കാര്യങ്ങളും അറിയാനുംകഴിയും. രസമുള്ള ചില കഥകൾ കേൾക്കാനും കഴിയും.

കേരളത്തിന്റെ കിഴക്കേ അതിര് സഹ്യപർവ്വതമാണെന്ന് നീനക്കറിയാം. അത് കേരളത്തിന്റെ തെക്കുവടക്കായിട്ടാണ് സ്ഥിതിചെയ്യുന്നത്. ഇതിന് ഒരേ ഉയരമാണെന്ന് നീ വിചാരിച്ചേയ്ക്കും. അതു ശരിയല്ല. പർവ്വതം ഉയർന്നും താണും കിടക്കുകയാണ്. കേരളത്തിന്റെ ഉള്ളിലേയ്ക്ക് തള്ളിക്കിടക്കുന്ന ഭാഗങ്ങളുമുണ്ട്. നമ്മുടെ നദികളെല്ലാം തന്നെ ഈ പർവ്വതഭാഗങ്ങളിൽനിന്നാണ് ഉത്ഭവിക്കുന്നത്.

പെരിയാർ തടാകമെന്ന് നീ കേട്ടിരിക്കും. മനോഹരമായ ഒരു ജലാശയമാണിത്. ഇതിനടുത്താണ് പീരുമേട് ഉന്നത തടം. സമുദ്രനിരപ്പിൽനിന്ന് അയ്യായിരത്തിഅഞ്ഞൂറടി ഉയരമുള്ള ഭാഗമാണിത്. ഇതിന്റെ വടക്കുഭാഗത്താണ് പെരിയാർ തടാകം. ഇതിനുവടക്ക് സഹ്യപർവ്വതത്തിൽനിന്നും കുറേ മലകൾ ഉള്ളിലേയ്ക്ക് തള്ളിനില്ക്കുന്നു. അവയുടെ കൂട്ടത്തിൽ പുള്ളിച്ചിമല, നാഗമല, സുന്ദരമല എന്നിവയെല്ലാം പടുകൂററൻ മലകളാണ്. പീരുമേടുന്നതതടത്തിൽനിന്നുമാണവ പുറപ്പെടുന്നത്. ഈ മലയുടെ മുകളിൽനിന്ന് അനേകം നീർച്ചാലുകൾ കുതിച്ചു പായുന്നുണ്ട്. മലയ്ക്കു മുകളിൽ നീർച്ചാലുകൾ എങ്ങനെവന്നു? വെള്ളം താണസ്ഥലത്താണല്ലോ കാണുന്നത്! പറമ്പുകളിൽത്തന്നെ കുഴിച്ചെങ്കിലേ വെള്ളം കാണുന്നുള്ളു. ആ സ്ഥിതിക്ക് അയ്യായിരത്തി അഞ്ഞൂറടി ഉയരമുള്ള മലകളുടെ മുകളിൽ എങ്ങനെ വെള്ളംവന്നു എന്നൊക്കെയായിരിക്കും നിന്റെ സംശയം.

നമ്മൾ ഇവിടെക്കാണുന്നതു പോലുള്ള മലകളൊന്നുമല്ല അവിടെയുള്ളതു്. അവയിൽ പലതും അനേകം മൈൽ ദൂരത്തിൽ നീണ്ടു കിടക്കുകയാണു്. മലയുടെ മുകൾഭാഗത്തു് ചിലയിടങ്ങളിൽ മണ്ണിനകത്തു് ഉറക്കൻ പാറകളുണ്ടു്. അവ നമ്മുടെ മനപ്പുറമ്പുപോലെ നാലഞ്ചു പറമ്പുകളുടെ വലിപ്പംവരുന്നവയാണു്. മലയുടെമുകളിൽ മഴപെയ്യുമ്പോൾ വെള്ളം മണ്ണിൽത്താഴും. ആ വെള്ളം മണ്ണിലൂടെ ചെന്നു് പാറയിൽതങ്ങും. മണ്ണിനടിയിലുള്ള പാറകൾക്കു് ഏതെങ്കിലും ഒരു ഭാഗത്തേയ്ക്കു് ചരിവുണ്ടായിരിക്കും. ചരിഞ്ഞ ഭാഗത്തേയ്ക്കു് വെള്ളം ഒലിച്ചുതുടങ്ങും. അങ്ങനെ ഒലിച്ചു് അതു് ഉറവപോലെ പുറത്തുചാടും. പല ഭാഗങ്ങളിൽ ഉള്ള ഉറവകളിൽനിന്നുവരുന്ന ചാലുകൾ ഒരുമിച്ചു് അരുവിയായിത്തീരുന്നു. അരുവികളങ്ങനെ ഒലിച്ചു ചെല്ലുമ്പോഴായിരിക്കും രണ്ടായിരവും മൂവായിരവും അടി താഴ്ചയിലുള്ള പാറയിൽ എത്തുന്നതു്. അവിടെനിന്നും താഴോട്ടൊരു ചാട്ടവുമായിരിക്കും പിന്നെ. ഇതിനാണു് വെള്ളച്ചാട്ടം എന്നു പറയുന്നതു്. നമ്മളാണെങ്കിൽ നാലോ അഞ്ചോ അടി ഉയരത്തിൽനിന്നു വീണാൽ മതി; കൈയോ കാലോ ഒടിഞ്ഞു് അവിടെക്കിടക്കും. നദിക്കാണെങ്കിൽ ഉത്സാഹം കൂടുന്നതേയുള്ളു.

പമ്പയുടെ ഉത്ഭവസ്ഥാനത്തു് ഇതുപോലെ വെള്ളച്ചാട്ടങ്ങളുണ്ടു്. പമ്പയുടെ ഉത്ഭവത്തിനുകാരണമായി പെരിയാർ തടാകത്തിൽ നിന്നും ഒരു നീർച്ചാലു് വരുന്നതായിക്കാണാം. അരുവികളെല്ലാംകൂടി ഞാൻ മുമ്പേ പറഞ്ഞ മലകളുടെ ചരിവിൽ വന്നു യോജിക്കുന്നു. അവിടം മുതൽ നാം പമ്പയെക്കണ്ടു തുടങ്ങുന്നു. ഉയർന്നും താണുമുള്ള സ്ഥലങ്ങളിലൂടെ പമ്പ താഴോട്ടൊഴുകുന്നു.

പണ്ടു് കാർത്തവീര്യാർജ്ജുനൻ എന്ന ഒരു രാജാവുണ്ടായിരുന്നു. അയാൾക്കു് ആയിരം കൈകൾ ഉണ്ടായിരുന്നത്രേ.

തൻെറ ആയിരം ഭാര്യമാരുമൊരുമിച്ച് അയാൾ ഒരിക്കൽ നമ്മ ൾാനദിയിൽ കുളിക്കാൻ ഇറങ്ങി. ആയിരം ഭാൎയ്യമാൎക്കും കൂടി നീന്തിക്കളിക്കാനുള്ള വെള്ളം ആ നദിയിൽ ഇല്ലായിരുന്നു. അയാൾ ഒരു ഉപായം പ്രയോഗിച്ചു. ആയിരം കൈകൾ കൊണ്ട് നദിയെത്തടഞ്ഞുനിൎത്തി. നദിയിൽ വെള്ളം പെരുകി. അതിനു മുകൾഭാഗത്തു് പത്തുതലയും ഇരുപതു കൈകളുമുള്ള രാവണൻ ധ്യാനത്തിൽ ഇരിക്കുകയായിരുന്നുപോലും. പെട്ടെന്നു ണ്ടായ വെള്ളപ്പൊക്കത്തിൽ രാവണൻ അകപ്പെട്ടുപോയി. പാവം! നീന്തിത്തുടിച്ചു് കഷ്ടപ്പെട്ടുപോയി. ഇങ്ങനെ നദിയെ തടഞ്ഞുനിൎത്തിയിട്ടുള്ള ചില വീരന്മാരെപ്പററി പുരാണകഥക ളുണ്ട്. ആ വിദ്യ കുതിച്ചുപാഞ്ഞുവരുന്ന പമ്പയോട് പററു മെന്നു തോന്നുന്നില്ല. പമ്പയെ തടയാൻ വന്നാൽ അയാൾ അറി യാതെ വേമ്പനാട്ടുകായലിലെത്തും. തൊണ്ണൂറിൽപരം മൈൽ വലിയ ചെലവുകൂടാതെ സഞ്ചരിക്കാനും കഴിയും.

എന്നാൽ ഓട്ടക്കാരിയായ പമ്പയെ മനുഷ്യർ തടഞ്ഞു നിൎത്തി. കാൎത്തവീൎയ്യാൎജ്ജുനനെപ്പോലെ, ഒരാളല്ല അതു ചെ യ്തതു്; അനേകായിരംപേർ ചേൎന്നാണ്. അതു് എങ്ങനെയാ ണെന്നും എന്തിനാണെന്നുമെല്ലാമുള്ള കാൎയ്യങ്ങൾ ഞാൻ അടുത്ത കത്തിൽ എഴുതാം. തൽക്കാലം നിൎത്തുകയാണ്.

എന്നു്,

വാത്സല്യപൂൎവ്വം

അച്ഛൻ

## രണ്ടു്

പുനലൂർ,
22-11-'67.

പ്രിയപ്പെട്ട മധു,

നീ മറുപടി അയയ്ക്കുമെന്നു ഞാൻ വിചാരിച്ചിരുന്നു. ഇനി ഞാൻ തന്നെ എഴുതാമെന്നു വിചാരിക്കുകയാണു്. ഞാൻ എഴുതുന്ന ഓരോ എഴുത്തിനും മറുപടി അയയ്ക്കണമെന്നില്ല. അതു് നിനക്കു് ബുദ്ധിമുട്ടുണ്ടാക്കും. വിശേഷങ്ങൾ വല്ലതും ഉണ്ടെങ്കിൽ മാത്രം എഴുതിയാൽ മതി.

വീട്ടിൽനിന്നു് എഴുത്തുണ്ടായിരുന്നു. അവിടെ എല്ലാവർക്കും സുഖമാണെന്നുണ്ടു് എഴുത്തിൽ. അവിടെ പറയത്തക്ക വിശേഷങ്ങളൊന്നുമില്ല.

കഴിഞ്ഞ കത്തിൽ പമ്പയെ തടഞ്ഞുനിർത്തിയതിനെപ്പററിയാണു് എഴുതിയിരുന്നതു്. അണയുണ്ടാക്കിയാണു് പമ്പയെ തടഞ്ഞുനിർത്തിയതു്. ഒരു അണയുണ്ടാക്കുകയെന്നു പറഞ്ഞാൽ അത്ര എളുപ്പമുള്ള കാര്യമൊന്നുമല്ല. അനേകായിരം ജനങ്ങളുടെ അനേകം നാളത്തെ പരിശ്രമം വേണം. സമർത്ഥരായ എഞ്ചിനീയറന്മാർ വേണം. പല തരത്തിലുള്ള യന്ത്രങ്ങൾ വേണം. അതിൽ പണിയെടുക്കുന്നവർക്കു താമസിക്കുന്നതിനുള്ള സൗകര്യം വേണം. ആവശ്യത്തിനുള്ള സാധനങ്ങൾ അവിടെ എത്തിക്കുന്നതിനുള്ള റോഡുകൾ വേണം. അങ്ങനെ പലതും. മലകളിലൂടെ റോഡുവെട്ടുന്ന കാര്യം വളരെ പ്രയാസമാണു്. മലകളിൽ റോഡുവെട്ടുമ്പോൾ നമുക്കു് അവിടെ ഒരു സഹായിയുണ്ടു്. അതാരാണെന്നറിയാമോ? കാട്ടാന ! അവൻ നടക്കുന്ന വഴി കണ്ടാൽ നമുക്കറിയാം. ഈ വഴിക്കു് "ആനത്താര" എന്നാണു പറയാറു

ള്ളതു്. ആനകൾ മിക്കവാറും നിരന്ന സ്ഥലത്തുകൂടി മാത്രമേ നടക്കാറുള്ളു. ത്തുക്കായി കിടക്കുന്ന മലകളിൽ കയറുന്നതു് അവക്കിഷ്ടമല്ല. മലകളിലുള്ള നിരന്ന സ്ഥലങ്ങളെക്കുറിച്ചു് ആനകൾക്കു് നല്ല നിശ്ചയമുണ്ടായിരിക്കും. ആനകൾ കൂട്ടമായി നടന്നു് ചില സ്ഥലങ്ങളിലെല്ലാം വഴി നല്ലവണ്ണം തെളിഞ്ഞു കിടക്കും. റോഡുവെട്ടിപ്പോകേണ്ട ദിക്കു് നാം ആദ്യം കണ്ടുപിടിക്കണം. അതു കഴിഞ്ഞാൽ ആ ദിക്കിലേയ്ക്കുള്ള ആനത്താരകൾ കണ്ടുപിടിക്കുന്നു. പിന്നെ ആനത്താരകളിലുള്ള കാടുകൾ വെട്ടിത്തെളിച്ചുതുടങ്ങും. അതിനുശേഷം പാറകളും കുറ്റികളും മാററി ചെറിയതോതിൽ ഒരു വഴിയുണ്ടാക്കിപ്പോകും. തുടന്നു് അതിനു് വീതി വരുത്തി റോഡാക്കിത്തീക്കും.

ഇനി പമ്പയിലെ അണക്കെട്ടിനെപ്പററി പറയാം. മൂന്നുനാലു മലകളുടെ അടിവാരത്തിൽ പമ്പ എത്തിച്ചേരുന്നു. അവിടെ വച്ചാണു് അവളെ ബന്ധിച്ചു് അണയുണ്ടാക്കിയിരിക്കുന്നതു്. അവിടെ ഇരുപതിനാലു ചതുരശ്രമൈൽ മലയോരങ്ങളുണ്ടു്. ഇവ അണക്കെട്ടിലുൾപ്പെടുന്ന സ്ഥലങ്ങളാണു്.

ഈ സ്ഥലത്തുവച്ചു് നൂററിഎഴുപത്തിഒന്നടി ഉയരത്തിലും, തൊള്ളായിരത്തിപ്പത്തടിനീളത്തിലും ഒരണയുണ്ടാക്കിയാൽ അതെങ്ങനെയിരിക്കും? ഒന്നാലോചിച്ചുനോക്കു! എത്രമാത്രം വെള്ളമായിരിക്കും അണയെത്തള്ളിക്കൊണ്ടു നിൽക്കുന്നതു്. അപ്പോൾ അണയ്ക്കു് എന്തുബലം വേണ്ടിവരും. ബലം വേണമെങ്കിൽ അണക്കെട്ടിനു് നല്ല വീതിവേണം. നാലോ അഞ്ചോ ആനകൾക്കു് നിരന്നു സഞ്ചരിക്കാനുള്ള വീതിയെങ്കിലും കെട്ടിനു മുകളിൽ കാണുമെന്നു് ഊഹിക്കരുതോ?

അവിടെ പെരുകിക്കിടക്കുന്ന ജലാശയത്തെപ്പററി ഒന്നു സങ്കല്പിക്കു! ഒരു ഭാഗത്തുനിന്നു മറുകരയ്ക്കുനോക്കിയാൽ മറുകര കാണുകയില്ല. മറുകരയ്ക്കു് മഞ്ഞുമൂടിക്കിടക്കുന്നതായിത്തോന്നും.

അല്ലാതെ ഒന്നും വ്യക്തമാവുകയില്ല. മഞ്ഞും തണുപ്പും അവിടെ സാധാരണമാണ്. മഞ്ഞു കൂടുതലുള്ള അവസരങ്ങളിൽ മഴ ചൊരിയുന്നതുപോലെ മഞ്ഞു പൊഴിഞ്ഞു കൊണ്ടിരിക്കും. ഇവിടെ കാണുന്ന ജലാശയത്തിനു് "റിസർവോയർ" എന്നു പറയുന്നു.

നമ്മുടെ നാട്ടിൻപുറത്തു് ഇതു പോലെ ഒരു അണയുണ്ടാക്കിയാൽ എന്തായിരിക്കും സ്ഥിതി? വീടുകളും കടകളുമെല്ലാം വെള്ളത്തിൽ അടിഞ്ഞുപോകും. ജീവജാലങ്ങളെല്ലാം വെള്ളത്തിൽ നീന്തിത്തുടിച്ചു് ചത്തു പോകും. ഊഹിക്കാൻ പോലും വയ്യാ!

എന്നാൽ ചിലപ്പോൾ ജനവാസമുള്ള സ്ഥലങ്ങളിൽ അണ കെട്ടേണ്ടതായി വരും. വെള്ളം പെരുകിയാൽ മുങ്ങിപ്പോകാനിടയുള്ള വീടുകൾ അവിടെ ധാരാളം കാണും. അവിടെയുള്ള ആളുകളെയെല്ലാം മററു സ്ഥലങ്ങളിലേയ്ക്കു് മാററും. അതു കഷ്ടമാണെന്നു നിനക്കു് തോന്നും. ഒരു കഷ്ടവുമില്ല. ഒരണകൊണ്ടു് കോടിക്കണക്കിനു് ജനങ്ങൾക്കു് ഉപകാരമുണ്ടാകും. ഉണങ്ങി വിണ്ടു കിടക്കുന്ന കൃഷിനിലങ്ങളിൽ വെള്ളം കിട്ടുന്നു. നശിക്കാറായ സസ്യങ്ങൾ വീണ്ടും പച്ച പിടിച്ചുതുടങ്ങും. അവ മനുഷ്യനു് ഫലം നൽകുന്നു. ഇതൊക്കെ മനുഷ്യർക്കു് ഉപകാരമല്ലേ? അണ കെട്ടുന്നതുകൊണ്ടു് ചിലർക്കു് നഷ്ടമുണ്ടായാൽ ഗവണ്മെൻറു് അവരെ സഹായിക്കുകയും ചെയ്യും.

പമ്പയിൽ അണകെട്ടിയപ്പോൾ ആരും അവിടെ നിന്നു് മാറേണ്ടതായിവന്നില്ല. കാരണം, അവിടെ ജനവാസം ഉണ്ടായിരുന്നില്ല. കാട്ടാനകൾക്കുപോലും അതു് ഒരു ശല്യമായിത്തീർന്നില്ല. അവക്കും ഉപകാരമേയുള്ളു. കാട്ടാനകൾക്കു് വെള്ളത്തിൽ ഒന്നു രസിക്കുന്നതിനുള്ള സൗകര്യം അവിടെയുണ്ടു്. അവർ കൂട്ടം കൂടി വന്നു് വെള്ളത്തിൽ ചാടും. തുമ്പിക്കൈയിൽ വെള്ളം നിറച്ചു് ആകാശത്തെയ്ക്കു് തെറിപ്പിക്കും. അതു കാണുവാൻ നമുക്കും നല്ല രസമാണു്.

ഒരു കാര്യം നീ പ്രത്യേകം ഓർത്തിരിക്കണം. നമ്മുടെ അണക്കെട്ടുകളിലെ വെള്ളം കൂടുതലും കൃഷിക്കാണ് ഉപയോഗിക്കുന്നതു്. എന്നാൽ പമ്പാഡാമിലെ വെള്ളം കൃഷിക്കുവേണ്ടിയല്ല ഉപയോഗിക്കുന്നതു്. (ഡാം എന്നു പറഞ്ഞാൽ അണക്കെട്ടെന്നാണർത്ഥം) ഇതു് വിദ്യുച്ഛക്തിയുണ്ടാക്കുന്നതിനു വേണ്ടിയുള്ളതാണു്. അധികം വരുന്ന വെള്ളം വേണമെങ്കിൽ കൃഷിയ്ക്കുപയോഗിക്കാമെന്നേയുള്ളു.

പമ്പാഡാമിൽ തെക്ക് മറെറാരു ഡാം കൂടിയുണ്ടു്. അതു് പമ്പാഡാമിനേക്കാൾ വളരെ വലിപ്പമുള്ളതാണു്. അതിൻെറ പേരു് കക്കിഡാം എന്നാണു്. കക്കിയാററിലാണു് ഈ അണക്കെട്ടു്. പമ്പയുടെ ഒരു പോഷകനദിയാണു് കക്കി. ഇതിനെ കക്കി എന്നു പറയുന്നതിനു് ഒരു കാരണമുണ്ടത്രേ. പമ്പയിലെപ്പോലെ കക്കിയിലും ചില വെള്ളച്ചാട്ടങ്ങളുണ്ടു്. ഒരിടത്തു് കക്കിയാർ ഒഴുകിവന്നു് ഒരു ഭയങ്കരത്താഴ്ചയിലേയ്ക്കു് ചാടുന്നു. ചാട്ടം കഴിഞ്ഞിട്ടു് കക്കി എതിലേ പോകുന്നുവെന്നു് കാണാൻ കഴിയുകയില്ല. അവിടെ മഞ്ഞുമൂടിക്കിടക്കുന്നതായി നമുക്കു തോന്നും. വെള്ളം ശക്തിയായി വീഴുന്നതിനാലാണു് അതുണ്ടാകുന്നതു്. കുറെ ഇടംവിട്ടു കക്കി യാതൊന്നുമറിയാത്തവളെപ്പോലെ ഒഴുകിപ്പോകുന്നതും കാണാം. ഇതുകണ്ടാൽ ഭൂമി അവളെ എടുത്തുവിഴുങ്ങിയതിനുശേഷം കക്കി വച്ചതാണെന്നു തോന്നും. അതുകൊണ്ടു് ഈ ആറിനെ കക്കിയാർ എന്നു വിളിക്കുന്നുവെന്നു് ചിലർ പറയുന്നു.

ഈ അണകൾക്കു തമ്മിൽ വളരെ അകലമുണ്ടു്. എങ്കിലും ഇതു രണ്ടും ഒരു പദ്ധതിക്കു വേണ്ടിയാണു് നിർമ്മിച്ചിരിക്കുന്നതു്. ഈ പദ്ധതിക്കു് ശബരിഗിരി പദ്ധതി എന്നു പറയുന്നു.

അണക്കെട്ടുകൾക്കു തമ്മിൽ വളരെ അകലമുണ്ടെങ്കിലും ഇവയ്ക്കുതമ്മിൽ ഒരു ബന്ധമുണ്ടു്. അതെന്താണെന്നായിരിക്കും നീ ആലോചിക്കുന്നതു്. അണകൾ ഒരു പട്ടക്കൂററൻ മലയുടെ

ണ്ടു വശത്തായാണു് സ്ഥിതിചെയ്യുന്നതു്. വടക്കുവശത്തു് പമ്പാ ഡാം; തെക്കുവശത്തു് കക്കി ഡാം. അതായതു് ഈ മലയുടെ രണ്ടു വശങ്ങളിലും ഈ അണകളുടെ റിസർവോയറുകളാണു്. ഇവകളെ യോജിപ്പിക്കുന്നതിനുവേണ്ടി മലയ്ക്കകത്തുക്കൂടി ഒരു തുരങ്കമുണ്ടു്. വലിയ തുരങ്കമാണിതു്. പണി നടന്നുകൊണ്ടിരുന്നപ്പോൾ ഈ തുരങ്കത്തിനകം ഞാൻ കണ്ടതാണു്. ഒരു ലാറിയും മററും ഈ തുരങ്കത്തിലൂടെ വളച്ചും തിരിച്ചും ഓടിച്ചുകൊണ്ടു പോകാം.

ഇനി വെള്ളം ഏതു റിസർവോയറിലേയ്ക്കു് ഒഴുകും എന്നായിരിക്കും നീ ഇപ്പോൾ ചിന്തിക്കുന്നതു്. കക്കിഡാമിലെ റിസർവോയറിലേയ്ക്കു് ഒഴുകും. അതിനുതക്ക തരത്തിലാണു് തുരങ്കം നിർമ്മിച്ചിരിക്കുന്നതു്. മാത്രവുമല്ല പമ്പാഡാം അല്പം ഉയർന്ന സ്ഥലത്താണു് സ്ഥിതിചെയ്യുന്നതു്. വെള്ളം ഒഴുകുന്നതു് ഉയർന്ന സ്ഥലത്തുനിന്നും താണസ്ഥലത്തേയ്ക്കാണല്ലോ. കക്കിയിൽ വെള്ളമെല്ലാം കൂടിവന്നു പെരുകുമ്പോൾ മലയിടുക്കുകളിലൂടെ ഒഴുകിപ്പോയേയ്ക്കാം. അങ്ങനെ വരാതിരിക്കാൻ അവിടെയും അണകെട്ടി നിർമ്മിച്ചിരിക്കുന്നു. ആവശ്യത്തിൽ കൂടുതൽവെള്ളം ആകുമ്പോൾ തുറന്നുവിടുന്നതിനും മാർഗ്ഗമുണ്ടു്. തുറന്നുവിടുന്ന വെള്ളം പമ്പയിലൂടെ ഒഴുകിവരുന്നതു് ഒന്നു കാണേണ്ടകാഴ്ചയാണു്. ആനകളെപ്പോലും അടിച്ചുമലർത്തികൊണ്ടായിരിക്കും പോകുക. അങ്ങനെ സംഭവിച്ചിട്ടുണ്ടു്.

ഇനി കക്കി റിസർവോയറിലെ വെള്ളം ഏതു വഴിക്കു കൊണ്ടു പോകുന്നുവെന്നും അതു് വിദ്യുച്ഛക്തിയുണ്ടാക്കുന്നതിനു് എങ്ങനെയുപയോഗിക്കാമെന്നുമാണു് പറയാനുള്ളതു്. അതു് അടുത്തകത്തിൽ എഴുതാം. മോൻ, അച്ഛനെഴുതുന്നതു് മുഴുവൻ വായിച്ചു മനസ്സിലാക്കണം. അവധിക്കാലത്തു് വീട്ടിൽ വരുമ്പോൾ ഞാൻ ചോദ്യങ്ങൾ ചോദിക്കും.

എന്നു്
വാത്സല്യപൂർവ്വം
അച്ഛൻ.

## മൂന്നു്

പുനലൂർ,
1-12-'67.

മധൂ,

എഴുത്തുകിട്ടി. വിവരങ്ങൾ അറിഞ്ഞു സന്തോഷിക്കുന്നു. എന്റെ കത്തുകൾ വായിച്ചു നീ രസിക്കുന്നുണ്ടെന്നറിഞ്ഞതിൽ സന്തോഷം. അമ്മാവനെ വായിച്ചുകേൾപ്പിച്ചതു നന്നായി. സംശയങ്ങൾ വല്ലതുമുണ്ടായാൽ അമ്മാവൻ മാററിത്തരും. കാത്ത വീര്യാർജ്ജുനനെക്കുറിച്ചു് കൂടുതൽ വിവരങ്ങൾ മുത്തച്ഛനോടു് ചോദിച്ചതും നന്നായി. മുത്തച്ഛൻ വിശദമായി പറഞ്ഞുതന്നു കാണുമെന്നു് ഞാൻ വിശ്വസിക്കുന്നു. വീട്ടിലേയ്ക്കു് ഞാൻ ഇന്നലെ കത്തയച്ചിട്ടേയുള്ളു. മറുപടികിട്ടാറായിട്ടില്ല. ഇന്നു ഞാൻ ശബരിഗിരി പദ്ധതിയുടെ ബാക്കിഭാഗം പറയാം.

രണ്ടണക്കെട്ടുകളുടെ കാര്യം ഞാൻ കഴിഞ്ഞ കത്തിൽ പറഞ്ഞിരുന്നു. ഇപ്പോൾ കക്കി അണക്കെട്ടിലെ വെള്ളത്തിന്റെ ഗതിയെപ്പററിയാണു് എഴുതിത്തുടങ്ങുന്നതു്. വിദ്യുച്ഛക്തി ഉൽപാദിപ്പിക്കുന്നതിനു വേണ്ടിയാണു് ഈ വെള്ളം ഉപയോഗിക്കുന്നതെന്നു് ഞാൻ എഴുതിയിരുന്നല്ലോ. വെള്ളംകൊണ്ടു മാത്രം വിദ്യുച്ഛക്തിയുണ്ടാകുന്നില്ല. ധാരാളം യന്ത്രങ്ങളും വേണം; അതു പ്രവർത്തിപ്പിക്കുകയും വേണം. വിദ്യുച്ഛക്തിയുൽപാദിപ്പിക്കുന്നതിനു വേണ്ടിയുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന സ്ഥാപനത്തിനു് പവ്വർഹൗസ് എന്നാണു പറയാറുള്ളതു്. മുൻപറഞ്ഞ അണക്കെട്ടുകളും, വെള്ളവും, വെള്ളം കൊണ്ടുപോകുന്നതിനുള്ള മാർഗ്ഗവും, പവ്വർഹൗസും എല്ലാംകൂടി ചേർന്നതാണു് ശബരിഗിരിപദ്ധതി. ഇതിലെ പ്രധാനഭാഗമാണു്

പൗവ്വർഹൗസ്. ഇതു് മൂഴിയാർ എന്ന സ്ഥലത്താണു് സ്ഥിതി ചെയ്യുന്നതു്. മൂഴിയാർ ഈ സ്ഥലത്തുകൂടി ഒഴുകുന്നതുകൊണ്ടു് ഈ സ്ഥലത്തിനു് മൂഴിയാർ എന്നു പേർ പറയുന്നു. മൂഴിയാററിലുള്ള പൗവ്വർഹൗസിലേക്കാണു് വളരെ ദൂരെ സ്ഥിതിചെയ്യുന്ന കക്കിഡാമിലെ വെള്ളം കൊണ്ടുവരേണ്ടതു്.

പൗവ്വർ ഹൗസ് കക്കിഡാമിനു തെക്കു പടിഞ്ഞാറായാണു് സ്ഥിതിചെയ്യുന്നതു്. ഇതിനിടയ്ക്കു് രണ്ടു മൂന്നു ഭയങ്കരമലകളുണ്ടു്. മലകളിലൂടെ വെള്ളം എങ്ങനെ കൊണ്ടുവരും? നീ ഊഹിക്കുന്നുണ്ടോ? അതിനുമുണ്ടു് ഒരു തുരങ്കം. കക്കിയിലെ റിസർവോയറിൽ നിന്നു് ചെറുതും വലുതുമായ രണ്ടു മൂന്നു മലകൾക്കുള്ളിലൂടെയാണു് തുരങ്കം വരുന്നതു്. വൃത്താകൃതിയിലുള്ള തുരങ്കമാണിതു്. ഇതിനു് പതിനെണ്ണായിരത്തിഇരുനൂറടി നീളമുണ്ടു്. പതിന്നാലടിയോളം വ്യാസവും വരും. ആയിരക്കണക്കിനാളുകൾ ചേർന്നു് പാറകൾ തുരന്നാണു് ഇതുണ്ടാക്കിയിരിക്കുന്നതു്. തുരങ്കത്തിന്റെ അററം ഒരു മലയുടെ മുകളിലാണു് വന്നെത്തുന്നതു്. ഈ സ്ഥലത്തിനു് ശബരിമലക്കുന്നെന്നു ചിലർ പറയുന്നു. ഈ സ്ഥലത്തു നിന്നാൽ ശബരിമല കാണാം. അതുകൊണ്ടാണത്രേ ഈ പേരു്. ഈ കുന്നിൽനിന്നും വളരെത്താണപ്രദേശത്താണു് പൗവ്വർ ഹൗസ് സ്ഥാപിച്ചിരിക്കുന്നതു്. ശബരിമലക്കുന്നിൽ നിന്നു് നാലുപാടും ഒന്നു നോക്കിയാൽ എന്തൊരു മനോഹരമായ കാഴ്ചയായിരിക്കുമെന്നോ അതു്? എവിടെ നോക്കിയാലും മാനം മുട്ടി നില്ക്കുന്ന മലകളാണു്. ഉയർന്നും താണും മഞ്ഞുമൂടിയും അവ കാണപ്പെടും. ചില ഭാഗത്തു ചെന്നാൽ നമുക്കു് അതുവഴി ആകാശത്തു് എത്താമെന്നു് തോന്നിപ്പോകും.

തുരങ്കം ശബരിമലക്കുന്നിൽ വന്നു ചേരുന്നതായാണു് ഞാൻ പറഞ്ഞതു്. ഇവിടെനിന്നു് വെള്ളം പൗവ്വർ ഹൗസിലേക്കാണു് കൊണ്ടുപോകേണ്ടതു്. അത്ഭുതകരമായ ഒരു കാഴ്ചയാണു് അതു്. ഇവിടെ നിന്നു് മൂന്നു പൈപ്പുകൾ മലഞ്ചരിവിലേയ്ക്കു

പോകുന്നു. പൈപ്പുകളെന്നു പറഞ്ഞാൽ നീ സാധാരണ കാണുന്നതു പോലുള്ളവയാണെന്നു് വിചാരിക്കരുതു്! ഒരു പൈപ്പിലൂടെ ഒരാനയ്ക്കു് ഓടിയിറങ്ങിപ്പോകാം. അത്ര വിസ്താരമുണ്ടു്. അതിനുള്ളിൽ പൈപ്പുകൾ മൂന്നും അടുപ്പിച്ചടുപ്പിച്ചു നിരത്തിയിരിക്കുന്നു. ഓരോ പൈപ്പിനും എണ്ണായിരത്തി അഞ്ഞൂററിഅറുപത്തിരണ്ടടി വീതം നീളമുണ്ടു്. ഈ പൈപ്പുകളുടെ മുകളിലത്തെ അററം യോജിപ്പിക്കുന്ന ഭാഗത്തു് പല വിദ്യകളും പ്രയോഗിച്ചിട്ടുണ്ടു്. ശക്തിയായി വെള്ളം ഒഴുകി വരത്തക്കവിധത്തിലാണു് തുരങ്കം നിർമ്മിച്ചിരിക്കുന്നതു്. വെള്ളത്തിന്റെ ശക്തികൊണ്ടു് പൈപ്പുകൾ ഇളകാതിരിക്കുന്നതിനു വേണ്ടിയാണു് അവിടെയുള്ള വിദ്യകൾ. തുരങ്കത്തിലൂടെ പൈപ്പിലേയ്ക്കു് വെള്ളം കടന്നു വരുന്നുവെന്നുമാത്രം നീയിപ്പോൾ മനസ്സിലാക്കിയാൽ മതി.

പൈപ്പുകൾ താഴോട്ടുവരുന്തോറും വണ്ണം കുറഞ്ഞുവരികയാണു്. അങ്ങനെയായാൽ ഒഴുക്കിനു ശക്തികൂടും. പൈപ്പുകൾ കടന്നുപോകുന്ന വഴിക്കു് പൈപ്പുലൈൻ എന്നു പറയുന്നു. പൈപ്പുകൾ തുരങ്കത്തിനു തൊട്ടടുത്തുചെന്നു് ഒരു ചെറിയ തുരങ്കത്തിൽ പ്രവേശിക്കുന്നു. ആ തുരങ്കത്തിൽനിന്നു് ആറുപൈപ്പുകൾ വഴിയാണു് പൗവ്വർഹൗസ്സിൽ വെള്ളം ചെല്ലുന്നതു്. ഈ വെള്ളം ശക്തിയോടുകൂടി പൗവ്വർഹൗസിലുള്ള ഒരു യന്ത്രത്തിൽ ചെന്നു വീണുകൊണ്ടിരിക്കും. വെള്ളത്തിന്റെ ശക്തികൊണ്ടു് യന്ത്രം കറങ്ങും. ഇതിനെ ഒരു പട്ടക്കൂററൻ തൂണുപോലെ കുത്തനെ നിർത്തിയിരിക്കുന്നു. കുത്തനെ നിന്നുകൊണ്ടാണു് ഇതു കറങ്ങുന്നതു്. കുത്തനെ നിന്നു കറങ്ങുന്ന ഒരു വലിയ ഉരുളൻ തൂണിനെപ്പററി നീ ഒന്നു സങ്കല്പിക്കൂ! വെള്ളം ചെന്നുവീണാൽ ഇതെങ്ങനെ കറങ്ങുമെന്നായിരിക്കും നീ ആലോചിക്കുന്നതു്. അതിന്റെ അടിഭാഗത്തു ചുററും ഒരേ നിരപ്പിൽ ഇരുമ്പുകൊണ്ടു് തവികൾ പോലെയുള്ള കുറെ ഇലകൾ ഘടിപ്പിച്ചിട്ടുണ്ടു്. അതിൽ ഓരോ ഇലയ്ക്കും ഒരു ചീനച്ചട്ടിയോളം വലിപ്പം വരും. എല്ലാ ഇല

കളുടേയും അകവശം ഒരു വശത്തേയ്ക്കു തിരിഞ്ഞു് തൂണിനു ചുററും നില്ക്കുന്നു. ഇലകളുടെ കഴിഞ്ഞ ഭാഗത്തു് വെള്ളം ചെന്നു് ഇടിച്ചുകൊള്ളും. വെള്ളത്തിൻെറ ഊക്കുകൊണ്ടു ഇല നീങ്ങും. ഒന്നു നീങ്ങുമ്പോൾ മറെറാന്നു് ആ സ്ഥാനത്തു വരും. അതിനു തക്കവണ്ണമാണു് ഇലകൾ ഘടിപ്പിച്ചിരിക്കുന്നതു്. ഇങ്ങനെ വെള്ളത്തിൻെറ തള്ളൽകൊണ്ടു് ഇലകൾ നീങ്ങിനീങ്ങിത്തുടങ്ങുമ്പോൾ തൂണു് കറങ്ങിത്തുടങ്ങും. വെള്ളത്തിൻെറ വേഗതയനുസരിച്ചു് യന്ത്രത്തൂണും കറങ്ങിക്കൊണ്ടിരിക്കും. കറങ്ങിക്കൊണ്ടിരിക്കുന്ന ഈ പടുക്കൂററൻ യന്ത്രത്തിൻെറ മുകൾഭാഗത്തു് ചില യന്ത്രങ്ങൾ ഘടിപ്പിച്ചിട്ടുണ്ടു്. വിദ്യുച്ഛക്തി ഉണ്ടാകുന്നതു് അവിടെവച്ചാണു്. അവിടെനിന്നും വിദ്യുച്ഛക്തി കമ്പികൾ വഴി പുറത്തുകൊണ്ടുവരുന്നു. വിദ്യുച്ഛക്തിയുൽപാദിപ്പിക്കുന്ന യന്ത്രത്തിനു് ജനറേററർ എന്നു പറയുന്നു. ഈവിധത്തിലുള്ള ആറു ജനറേറ്ററുകളാണു് മൂഴിയാർ പൗവ്വർഹൗസിൽ ഉള്ളതു്. നമ്മുടെ രാജ്യത്തു് ആവശ്യമുള്ളതിൽ കൂടുതൽ വിദ്യുച്ഛക്തി ഈ പവ്വർ ഹൗസിൽനിന്നും നിർമ്മിക്കാം.

പൗവ്വർഹൗസിനകത്തു കയറിക്കണ്ടാൽ സാമാന്യപ്പെട്ടവർ ഭയന്നുപോകും. പല നിലകളായിട്ടാണു് കെട്ടിടം നിർമ്മിച്ചിരിക്കുന്നതു്.

ജനറേറററിൻെറ അടിയിൽ വന്നു വീഴുന്ന വെള്ളം പിന്നെ എങ്ങു വഴിക്കു പോകുന്നുണ്ടെന്നു നീ ആലോചിക്കുകയായിരിക്കും. ജനറേറററിൻെറ അടിഭാഗത്തു് ഒരു വലിയ കുഴിയുണ്ടു്. ഉപയോഗംകഴിഞ്ഞ വെള്ളം അവിടെ വീഴുന്നു. അതു് തോടുകൾവഴി പുറത്തേയ്ക്കു് വിടുന്നു. ആറു ജനറേറററുകൾക്കു് ആറു കുഴികളുണ്ടു്. യന്ത്രം പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഈ കുഴികളിൽ വെള്ളം വീണുകൊണ്ടിരിക്കും. വെട്ടിയുണ്ടാക്കിയ തോടുകളിലേക്കു് വെള്ളം തിരിച്ചുവിട്ടിരിക്കുന്നു. തോടു്

മൂഴിയാററിൽ ചെന്നുചേരുന്നു. മൂഴിയാർ കക്കാട്ടാറിൽ എത്തുന്നു. കക്കാട്ടാറ് പമ്പയിലും ചെന്നു ചേരുകയാണ്.

മൂഴിയാർ പൗവ്വർഹൗസിൽ ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി നമ്മുടെ പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും എങ്ങനെ വരുന്നുവെന്ന് നീ ആലോചിക്കുന്നുണ്ടായിരിക്കും. അതു മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യമല്ല. പക്ഷേ ഒരു കാര്യം പ്രത്യേകം മനസ്സിലാക്കണം. ഉൽപ്പാദനശേഷി വളരെ കൂടുതലുള്ള ഒരു പൗവ്വർ ഹൗസാണിതു്. സാധാരണ നാം കാണാറുള്ളതുപോലുള്ള ലൈനുകളിൽക്കൂടി ഇവിടെനിന്നും കറൻറുകൊണ്ടുപോകാൻ സാദ്ധ്യമല്ല. തൂണുകൾക്കു പകരം ഈ ലൈനുകളിൽ ടൗവ്വർ ഉപയോഗിക്കപ്പെടുന്നു. അതുകൊണ്ട് ഈ ലൈനുകളെ ടൗവ്വർ ലൈൻ എന്നു പറയുന്നു. നീ കണ്ടിട്ടില്ലേ നമ്മുടെ ഭരണിക്കാവിൽ ഉത്സവത്തിന് എടുപ്പുകുതിരകളെ എഴുന്നള്ളിക്കുന്നതു്? എടുപ്പുകുതിരകളുടെ ആകൃതിയാണ് ടൗവ്വറിനുള്ളതു് വലിപ്പം വളരെ കൂടുമെന്നേയുള്ളു. ഇരുമ്പുകൊണ്ടാണ് അതു നിർമ്മിച്ചിരിക്കുന്നതു്. എത്ര ഭാരം താങ്ങിയാലും അതു കുലുങ്ങുകയും ചായുകയുമൊന്നുമില്ല. അതിൻെറ മുകളിലൂടെ വടംപോലുള്ള ആറു കമ്പികളാണ് പോകുന്നതു്. മലകളിലൂടെ കടന്നുപോകുന്ന ഈ ലൈൻ കണ്ടാൽ നല്ല ചന്തമാണ്. ഇതു് ആദ്യം ചെന്നെത്തുന്നതു് കോട്ടയത്താണ്. അവിടെനിന്ന് ആലുവായിലേയ്ക്കു് പോകുന്നു. ആലുവായിൽനിന്നും പല വഴിക്കും തിരിച്ചുവിടാം.

ശബരിഗിരി പദ്ധതിയുടെ പണി നടന്നുകൊണ്ടിരുന്നപ്പോൾ ആ ഭാഗത്തുള്ള മലയോരങ്ങളിൽ ചിലതു് പട്ടണങ്ങളായിരുന്നു. ഇപ്പോൾ അവിടമെല്ലാം നിശ്ശബ്ദമാണെന്നു പറയാം. എന്നാൽ അവിടെ ഇപ്പോൾ ചെറിയ ഒരു സംഘം ഉദ്യോഗസ്ഥന്മാർ താമസിക്കുന്നുണ്ടു്. അവരുടെ സഹായംകൂടാതെ ആർക്കും ഈ മഹാത്ഭുതങ്ങൾ കണ്ടാനന്ദിക്കുവാൻ കഴിയുകയില്ല. മലന

ടുവിൽ നമുക്കുവേണ്ടി മൗനസേവനം നടത്തുന്ന ഇവരെ നാം അഭിനന്ദിക്കണം.

ശബരിഗിരി പദ്ധതിയുടെ ആഫീസ് മൂഴിയാററിലുണ്ടു്. ഒരിക്കൽ ഞാൻ അവിടെ ചെന്നു. അവിടെയുള്ള രണ്ടു മൂന്നുദ്യോഗസ്ഥന്മാർ എന്റെ സ്നേഹിതന്മാരായിരുന്നു. എന്നെക്കണ്ടപ്പോൾ അവക്കു് സന്തോഷമായി. എന്റെകൂടെ പഠിച്ചവരായിരുന്നു രണ്ടുപേർ. ഒരാളെ ഞാൻ കോളജിൽവച്ചു് പഠിപ്പിച്ചിട്ടുണ്ടായിരുന്നു അവർ എന്നെ പൗവ്വർഹൗസിൽ കൊണ്ടു നടന്നു കാണിച്ചു. എല്ലാം കാണാൻ അന്നു കഴിഞ്ഞില്ല. പിറ്റേ ദിവസം അവക്കു് ഓഫീസ് അവധിയായിരുന്നു. അന്നു് പൗവ്വർ ഹൗസിന്റെ ബാക്കി ഭാഗവും കണ്ടു. അതിനുശേഷം അവർ എന്നെ മലകളിൽ കൊണ്ടുനടന്നു കാണിക്കാമെന്നു് ഏററു. എനിക്കും സന്തോഷമായി. കാട്ടിൽവച്ചു് ദുഷ്ടമൃഗങ്ങളെ കാണാൻ എനിക്കൊരാഗ്രഹമുണ്ടായിരുന്നു. അതു സാധിച്ചുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ഞങ്ങൾ "ആനത്താരകൾ" നോക്കിയാണു് നടന്നുതുടങ്ങിയതു്. ആറേഴുപേരുണ്ടായിരുന്നു. അകലെയുള്ള ഒരു മലയിൽ ഞങ്ങൾ ചെന്നുകയറി. വനഭംഗികണ്ടുകണ്ടു് ഞങ്ങൾ കുറേ നേരം ചുററിനടന്നു. ആ മലയുടെ അടിവാരത്തിൽ കാട്ടുപോത്തുകളും കാട്ടാനകളും എല്ലാമുണ്ടു്. കടുവയും കുറവല്ല. ഇതിനകം ഞങ്ങൾ ഒരു പെരുമ്പാമ്പിനേയും ഒരുപററം ആനകളേയും കണ്ടു കഴിഞ്ഞു. ഞങ്ങൾ എല്ലാവരുംകൂടി ഒരു ചെറിയ മരത്തിൽക്കയറിയിരുന്നു. യാതൊന്നും സംസാരിക്കാതെയാണു് ഇരുന്നതു്. ചിലയിടങ്ങളിൽ വന്യമൃഗങ്ങളുടെ ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. ഞങ്ങൾ നാലുപാടും നോക്കിക്കൊണ്ടിരുന്നു. ഞങ്ങളിരുന്ന മലയുടെ ഒരു ഭാഗത്തു് അല്പം നിരന്ന സ്ഥലമുണ്ടു്. കുറച്ചുതാഴെയാണതു്. ഒരുശബ്ദം കേട്ടുകൊണ്ടു് ഞങ്ങൾ അങ്ങോട്ടു നോക്കി. ഒരുവലിയ പാറ ഉരുണ്ടുചെന്നു്, മറെറാരു പാറയിൽ

ഇടിച്ചുണ്ടായ ശബ്ദമാണു് ഞങ്ങൾ കേട്ടതു്. തുടന്നു് അല്പം മുകളിലായി പടലുകൾ ഇളകുന്നതുകണ്ടു. ഞങ്ങൾ സൂക്ഷിച്ചു നോക്കി. ഒരു കടുവ ചാടിവീണു് ഒരു മരത്തിൽ അള്ളിപ്പിടിച്ചു കയറുന്ന കാഴ്ചയാണു് പിന്നെ ഞങ്ങൾ കണ്ടതു്. ഒന്നൊന്നരയാൾ പൊക്കംവരുന്ന ഒരു മരക്കൊമ്പിൽ അവൻ ഒരുവിധത്തിൽ അള്ളിപ്പിടിച്ചുകയറി. ഞങ്ങളുടെ കൂട്ടത്തിൽ ചിലരെല്ലാം പേടിച്ചുതുടങ്ങി. അവർ മരത്തിലൂടെ മേലോട്ടു കയറി. കടുവ ഇരുന്ന മരത്തിൻെറ ചുവട്ടിലേയ്ക്കു് ഒരു കാട്ടുപോത്തു ചീറിയടുത്തു. അതു് കടുവയെ നോക്കിക്കൊണ്ടു് ചുററുംനടന്നു. കടുവ പല്ലിളിച്ചു് അലറി അവനെ ശുണ്ഠിപിടിപ്പിച്ചു. പോത്തു് തടിച്ച കൊമ്പുകൾകൊണ്ടു് മരത്തിൽ വെട്ടിത്തുടങ്ങി മരത്തിൽ നിന്നു് പഴുത്ത ഇലകൾ പൊഴിഞ്ഞു. തൊലി ഇളകിത്തെറിച്ചു. കടുവ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. പോത്തു് വെട്ടും തുടന്നു. വളരെനേരം കഴിഞ്ഞപ്പോൾ അവൻ ക്ഷീണിച്ചുതുടങ്ങി. കടുവാ വാലുകൊണ്ടു് മരത്തിൽ ഒന്നുചുററി. കാലുകളും ഭംഗിയായി ഉറപ്പിച്ചു. അവൻ മരത്തിലൂടെ താഴോട്ടു അല്പംവലിഞ്ഞു. ഒരുകൈ അല്പം നീട്ടി. തരംകിട്ടിയപ്പോൾ അവൻ പോത്തിനു് ഒരുമാന്തും കൊടുത്തു. വീണ്ടും രംഗംമാറി. പോത്തു് വാശിയോടുകൂടി വെട്ടിത്തുടങ്ങി. അവൻെറ കൊമ്പുകൾ തെറിച്ചു പോകുമോ എന്നു ഞങ്ങൾ സംശയിച്ചു. അവൻ വാശിയോടുകൂടി വെട്ടുകയാണു്: പക്ഷെ, അവൻ ക്ഷീണിച്ചുപോയി. മുൻപറഞ്ഞതുപോലെ കടുവ വീണ്ടും പോത്തിനെ ശുണ്ഠിപിടിപ്പിക്കുന്നുണ്ടായിരുന്നു.

അവർതമ്മിലുള്ള യുദ്ധം എങ്ങനെ തീരുമെന്നു് അറിയാൻ എനിക്കാഗ്രഹമുണ്ടായിരുന്നു. പക്ഷെ എല്ലാവക്കും വിശപ്പു കൂടിത്തുടങ്ങിയതുകൊണ്ടു് തിരിച്ചുപോരാൻ നിശ്ചയിച്ചു. ഞങ്ങൾ മരത്തിൽനിന്നും ഇറങ്ങി. അവർതമ്മിലുള്ള യുദ്ധം നടക്കുകയായിരുന്നു അപ്പോഴും. ദിവസങ്ങളോളം അവരങ്ങനെ

നിന്നു യുദ്ധം ചെയ്യുമത്രേ. കാട്ടുപോത്തിനെ വേട്ടയാടാൻ കടുവയ്ക്കു് കരുത്തില്ല. അതിനു് അവൻ ഒരു ഉപായം പ്രയോഗിച്ചുനോക്കിയതാണു്. പോത്തു് മരത്തിൽ വെട്ടിവെട്ടിത്തളർന്നു വീഴുമ്പോൾ പിടികൂടാമെന്നാണു് അവൻ വിചാരിക്കുന്നതു്. അതു് എളുപ്പമാണെന്നു തോന്നുന്നില്ല. വലിയ കരുത്തനാണു് കാട്ടുപോത്തു്. ഞങ്ങൾ വന്ന ദിക്കുനോക്കിനടന്നു. അവരുടെ യുദ്ധം നടന്നുകൊണ്ടേയിരുന്നു.

ഈ കത്തിൽ ഞാൻ അല്പം കൂടുതൽ എഴുതിപ്പോയെന്നു തോന്നുന്നു. അതുകൊണ്ടു് തൽക്കാലം എഴുത്തു് നിർത്തുന്നു. ശേഷം അടുത്തതിൽ.

എന്നു്,

സ്നേഹപൂർവ്വം,

അച്ഛൻ.

MUNAVVIRUL ISLAM HIGH SCHOOL
Date..........
ERNAKULAM.

# നാലു്

പുനലൂർ,
9-12-'67.

മധുവിനു്,

വീട്ടിൽ നിന്നും ഇന്നു് ഒരെഴുത്തുണ്ടായിരുന്നു. എന്റെ കത്തിലെ വിവരങ്ങൾ നീ അമ്മയേയും എഴുതിഅറിയിച്ചിരിക്കുന്നതായി കത്തിൽ പറഞ്ഞിരുന്നു. അവിടെനിന്നും നിന്റെ അമ്മാവന്റെ എഴുത്തു് ഇന്നലെ ഉണ്ടായിരുന്നു. നീ എന്തിനാണു് റിസർവോയറിന്റെ അർത്ഥം മുത്തച്ഛനോടു ചോദിച്ചതു്? അടുത്ത ക്ലാസ്സിൽ പഠിക്കാനുള്ളതാണെന്നു പറഞ്ഞു് മുത്തച്ഛൻ നടന്നു പോയപ്പോൾ നീ മുമ്പിൽക്കയറിനിന്നു ചിരിച്ചുകൊണ്ടു് അർത്ഥം പറഞ്ഞുവല്ലേ? മുത്തച്ഛനു് ശുണ്ഠിവന്നു് നിന്നെ ഓടിച്ചുവെന്നും മററും ഉണ്ടായിരുന്നു കത്തിൽ. വീട്ടിൽ പറയത്തക്ക വിശേഷങ്ങളൊന്നുമില്ലെന്നു് എഴുതിയിരുന്നു. പമ്പയെപ്പററിയുള്ള മററു ചില കാര്യങ്ങൾ ഈ കത്തിൽ നിനക്കു വായിക്കാം.

പമ്പ വളരെ ദൂരം വനങ്ങളിലൂടെ ഒഴുകുന്നു. ആ വനങ്ങളിൽ ചിലഭാഗത്തു് വന്യമൃഗങ്ങൾപോലും കടന്നു ചെല്ലാറില്ല. ഇനി നമുക്കു് പമ്പയെ പ്രസിദ്ധമായ ത്രിവേണീഭാഗത്തുവച്ചു കാണാം. ത്രിവേണിയെന്നു പറയുമ്പോൾ, വടക്കേ ഇൻഡ്യയിലുള്ള ത്രിവേണിയാണെന്നു ധരിക്കരുതു്. വടക്കേഇൻഡ്യയിലെ ത്രിവേണി ഗംഗാനദിയിലാണു്. നമ്മുടെ പമ്പയിലുള്ള ത്രിവേണിയെപ്പററിയാണു് ഞാൻ എഴുതുന്നതു്. പമ്പാനദിയിൽ ഈ ഭാഗത്തു് ഒരു പോഷകനദി വന്നുചേരുന്നു. അവിടെ നദിക്കു് മൂന്നു ശാഖകൾ കാണാം. അതുകൊണ്ടാണു് ഈ ഭാഗത്തെ

ത്രിവേണിയെന്നു വിളിക്കുന്നതു്. പമ്പാസരസ്സും ഇതുതന്നെയാണു്. ഇവിടത്തെ പ്രകൃതിഭംഗി പ്രസിദ്ധമാണു്. ശബരിമലയിലേയ്ക്കുള്ള തീർത്ഥാടനകാലമാകുമ്പോൾ അനേകം ദേശങ്ങളിൽനിന്നു് ലക്ഷക്കണക്കിനു് ഭക്തന്മാർ ഇവിടെയെത്തും. ഇതൊരു പുണ്യസ്ഥലമാണെന്നു് വിശ്വസിക്കപ്പെടുന്നു. പമ്പ എന്നു പറഞ്ഞാൽ പാപം നശിപ്പിക്കുന്നവൾ എന്നാണർത്ഥം. വടക്കേഇൻഡ്യയിലെ ഗംഗയേക്കാൾ പമ്പയ്ക്കു മാഹാത്മ്യമുണ്ടെന്നു് ചിലർക്കു് അഭിപ്രായമുണ്ടു്.

രാമായണത്തിൽ ഋശ്യമൂകാചലം എന്നൊരു പർവ്വതത്തെപ്പററിപറയുന്നുണ്ടു്. അതു് ഇവിടെയാണുപോലും. ഋശ്യമൂകാചലത്തെച്ചുററി മൂന്നു നാലു മൈലോളം പമ്പ ഒഴുകുന്നുണ്ടു്. ഇതിനടുത്തു തന്നെയാണത്രേ പുരാണപ്രസിദ്ധമായ കിഷ്കിന്ധയും. ബാലിയും സുഗ്രീവനും കിഷ്കിന്ധയിൽ വാണിരുന്നതായി കഥകളുണ്ടു്.

ഋശ്യമൂകാചലത്തിൽ പണ്ടു് മതംഗൻ എന്നൊരു മഹർഷിയുണ്ടായിരുന്നു. മഹാപണ്ഡിതനായിരുന്നത്രേ അദ്ദേഹം. എന്നാൽ താണജാതിക്കാരനായിരുന്നതുകൊണ്ടു് അദ്ദേഹത്തെ ആരും ബഹുമാനിച്ചില്ല. മതംഗൻ അതുകൊണ്ടു് തപസ്സുചെയ്തു ബ്രാഹ്മണനാകാൻ തീർച്ചപ്പെടുത്തി. വളരെക്കാലം തപസ്സുചെയ്തു. തപസ്സിന്റെ കാഠിന്യംകൊണ്ടു് മതംഗൻ മരിക്കുമെന്നനിലയിലായി. അപ്പോൾ ദേവേന്ദ്രൻ പ്രത്യക്ഷപ്പെട്ടു. തപസ്സു നിറുത്തുന്നതാണു നല്ലതെന്നു ദേവേന്ദ്രൻ മതംഗനോടു് ഉപദേശിച്ചു. ആ ഉപദേശം മതംഗൻ സ്വീകരിച്ചു. തപസ്സു് നിറുത്തി. ദേവേന്ദ്രനു് സന്തോഷമായി. ഉപദേശം ഫലിച്ചുകാണുമ്പോൾ ഉപദേശിക്കുന്നവർക്കു സന്തോഷമായിരിക്കുമല്ലോ. അതുകൊണ്ടു് ദേവേന്ദ്രൻ രണ്ടുവരങ്ങൾ കൊടുത്തു. ദിവസവും ഗംഗയിലെ ത്രിവേണിയിൽച്ചെന്നു കുളിച്ചുകൊണ്ടിരുന്നാൽ അടുത്തജന്മം ബ്രാഹ്മണനാകാമെന്നു് ഒന്നാമത്തെവരം. വളരെ ദൂരെയുള്ള ത്രിവേണിയിൽച്ചെന്നു ചേരുന്നതിനു് പക്ഷി

രൂപം കിട്ടുമെന്ന് രണ്ടാമത്തെവരം. മതംഗൻ അതനുസരിച്ച് ദിവസവും ഗംഗയിലെ ത്രിവേണിയിൽച്ചെന്നു കുളിക്കാൻ തുടങ്ങി. പക്ഷിരൂപത്തിലാണ് പൊയ്ക്കൊണ്ടിരുന്നത്.

വളരെക്കാലം മതംഗൻ ഈ പതിവ് തുടൎന്നു. എന്നാൽ വയസ്സായപ്പോൾ മതംഗന് പറക്കാൻ കഴിവില്ലാതായി. ഒരു മലയിൽനിന്ന് അടുത്ത മലയിലേയ്ക്ക് പറക്കുന്നതുപോലെ എളുപ്പമല്ലല്ലോ ഈയാത്ര. പറന്നുപോകുമ്പോൾ ചിറകു തളൎന്ന് പോയാലെന്തുചെയ്യും? വല്ല നദിയിലോ മററോ വീണാലോ? മതംഗൻ വളരെ വിഷമിച്ചു. അങ്ങനെയിരിക്കെ ശ്രീരാമലക്ഷ്മണന്മാർ ആ വഴിക്ക് വന്നത്രേ. മതംഗൻ ശ്രീരാമനോട് സങ്കടം പറഞ്ഞു. ശ്രീരാമൻ മതംഗനെ അനുഗ്രഹിച്ചു. ഇനി ഗംഗയിലെ ത്രിവേണിയിൽ കുളിക്കുന്നതിനുപകരം പമ്പയിലെ ത്രിവേണിയിൽ കുളിച്ചാൽ മതിയെന്നുപറഞ്ഞ് ശ്രീരാമൻ അനുഗ്രഹിച്ചു. മതംഗന് ആശ്വാസമായി. പമ്പാതീരത്തല്ലേ മതംഗൻ സാധാരണ കഴിഞ്ഞുകൂടാറുള്ളത്.

ഇനി ബാലിയും സുഗ്രീവനും വാണിരുന്ന കിഷ്ക്കിന്ധയെപ്പററിയുള്ള കഥയും അല്പം പറയാം. ബാലിയും സുഗ്രീവനും സഹോദരങ്ങളായിരുന്നു. 'ബാലിയായിരുന്നു മൂത്തസഹോദരൻ. ബാലി, കിഷ്ക്കിന്ധയിലെ രാജാവായിരുന്നു. അക്കാലത്ത് ദുന്ദുഭിയെന്ന ഒരസുരനുണ്ടായിരുന്നത്രേ. യുദ്ധംചെയ്യാൻ ആളിനെ അന്വേഷിച്ചു നടക്കുകയായിരുന്നു ദുന്ദുഭി. അയാൾ സമുദ്രരാജാവായ വരുണനെ യുദ്ധത്തിനു വിളിച്ചെന്നും ഹിമാലയത്തിൽച്ചെന്ന് കൊടുമുടികൾ തട്ടിത്തെറിപ്പിച്ചെന്നുമൊക്കെയാണ് പുരാണങ്ങളിൽക്കാണുന്നത്. അതുകൊണ്ട് യുദ്ധക്കൊതി തീരാഞ്ഞാണ് ബാലിയുടെ അടുത്ത് യുദ്ധത്തിനുവന്നത്. ബാലി ദുന്ദുഭിയെ നേരിട്ടു. ഒട്ടും താമസിച്ചില്ല. ബാലി ദുന്ദുഭിയെ അടിച്ചു നിലത്തിട്ടു. കലി തീരാഞ്ഞു് ഒരു തട്ടുംകൊടുത്തു. ദുന്ദുഭി ദൂരെത്തെറിച്ചു. ഋശ്യമൂകാചലത്തിൽ തപസ്സുചെയ്തുകൊ

ണ്ടിരുന്ന മതംഗൻെറ ആശ്രമത്തിനടുത്താണ് ദുന്ദുഭിചെന്നു വീണതു്. അവിടെക്കിടന്നു് ദുന്ദുഭി ദീർഘമായി ശ്വാസിച്ചുതുടങ്ങി. മൂക്കിൽനിന്നും അവിടെയെങ്ങും ചോരചിതറിക്കൊണ്ടിരുന്നു. ചോരത്തുള്ളികൾ മതംഗൻെറ ദേഹത്തുചെന്നു വീണുതുടങ്ങി. മതംഗനു് കോപമായി. നടന്നതെല്ലാം മതംഗൻ മനസ്സിൽക്കണ്ടറിഞ്ഞു. അതിനു കാരണക്കാരൻ ബാലിയാണെന്നു് മനസ്സിലാക്കി. മതംഗൻ ബാലിയെശപിച്ചു. "ഈ പർവ്വതത്തിൽ ബാലികയറിയാൽ തലപൊട്ടിമരിക്കട്ടെ" എന്നായിരുന്നു ശാപം. അന്നുമുതൽ ഋശ്യമൂകാചലത്തിനു് "ബാലികേറാമല" യെന്നും പേരുണ്ടായെന്നു ചിലർ പറയുന്നു.

ബാലിയും സുഗ്രീവനുമായി പിണക്കത്തിലായപ്പോൾ സുഗ്രീവൻ ഋശ്യമൂകാചലത്തിൽ വന്നു് ഒരു രാജ്യം സ്ഥാപിച്ചു വാണിരുന്നുവെന്നും കഥകളുണ്ടു്.

ബാലിയും സുഗ്രീവനും തമ്മിൽ പിണങ്ങിയതു് എന്തിന്നാണെന്നു് നിനക്കറിയാമോ? ദുന്ദുഭിയുടെ മകൻ മായാവി പിതാവിൻെറ മരണവാർത്തയറിഞ്ഞു് പാഞ്ഞെത്തി. ബാലിയെ പോരിനു വിളിച്ചു. ബാലിയും ചാടിവീണു. ഇടിച്ചും അടിച്ചും അവർ കുറേനേരം മല്ലിട്ടു. മായാവിക്കു് തരത്തിനു കിട്ടി. അയാൾ ഓടി. ബാലികൂടെയെത്തി. ബാലിയെ സഹായിക്കാൻ സുഗ്രീവൻ അവരെ പിന്തുടന്നു. ഓടുന്നവഴിക്കു് മായാവി ഒരു ഗുഹകണ്ടു. അയാൾ അതിൽക്കയറി ഒളിച്ചു. ബാലിയും ഗുഹയിൽ കടന്നു. ഗുഹയിൽ കടക്കുന്നതിനുമുമ്പു് ബാലി സുഗ്രീവനോടു് ഇപ്രകാരം പറഞ്ഞു. "ചോരപുറത്തു വന്നാൽ ഗുഹയടയ്ക്കണം. പാലു പുറത്തുവന്നാൽ അടയ്ക്കരുതു്" സുഗ്രീവൻ ഗുഹയുടെ വാതിലിൽ വളരെക്കാലം നിന്നു. ഒടുവിൽ ഗുഹയുടെ വാതിലിലൂടെ ചോര പുറത്തുവന്നു. മായാവി ഗുഹയിൽക്കിടന്നു ചാകട്ടെയെന്നു കരുതി സുഗ്രീവൻ വലിയ പാറകൾ പിടിച്ചുവച്ചു് വാതിൽ അടച്ചു. സുഗ്രീവൻ കിഷ്കിന്ധയിലേയ്ക്കു് പോവുകയും ചെയ്തു. അവിടെ

യുള്ളവർ ബാലി മരിച്ചുവെന്നുതന്നെ വിശ്വസിച്ചു. അവർ സുഗ്രീവനെ രാജാവാക്കി

ബാലി മരിച്ചിട്ടില്ലായിരുന്നു. മായാവിയുടെ മായകൊണ്ടാണ് വാതിലിൽ ചോരകണ്ടത്. ഗുഹയുടെ വാതിൽ അടച്ചിരുന്നതായിക്കണ്ടപ്പോൾ ബാലിക്ക് കോപമായി. ഗുഹയടച്ചിരുന്ന കല്ല് ചവുട്ടിത്തെറിപ്പിച്ചു. പുറത്തുവന്നു നോക്കിയപ്പോൾ സുഗ്രീവനെക്കണ്ടില്ല. സുഗ്രീവൻ തന്നെ ചതിച്ചതാണെന്ന് ബാലി നിശ്ചയിച്ചു. കിഷ്കിന്ധയിൽച്ചെന്നു. ബാലി സുഗ്രീവനെ രാജ്യത്തുനിന്നും ആട്ടിപ്പായിച്ചു. അന്നുമുതൽ അവർ തമ്മിൽ വലിയ ശത്രുക്കളായി. സുഗ്രീവൻ ഋശ്യമൂകാചലത്തിൽ പ്രവേശിച്ച് അവിടെ വാണു. സുഗ്രീവൻെറ മന്ത്രിയായിരുന്നല്ലോ ഹനുമാൻ. സീതാന്വേഷണത്തിനുവന്ന ശ്രീരാമലക്ഷ്മണന്മാരെ ഹനുമാൻ പമ്പാതീരത്തിൽ വച്ചാണത്രെ കണ്ടത്.

ഇങ്ങനെ പുരാണങ്ങളിൽ പല കഥകളുമുണ്ട്. ത്രിവേണിക്കടവുകളിൽ ഒരു ഭാഗത്ത് ഒരു പാറയിൽ ഒരു പാദം പതിഞ്ഞ മാതൃകയിലുള്ള ഒരു കുഴി കാണാം. അത് ശ്രീരാമപാദമാണെന്ന് ആ നാട്ടുകാരിൽ പലരും വിശ്വസിക്കുന്നുണ്ട്. ഒരു സ്ഥലത്തെപ്പററിപ്പറയുമ്പോൾ അതിനെ ആശ്രയിച്ചുള്ള പുരാണകഥകളും അറിഞ്ഞിരിക്കുന്നതു കൊള്ളാം. അതുകൊണ്ട് ഞാൻ പറഞ്ഞുവെന്നേയുള്ളു. അതിൽ നേരും നുണയും തിരിച്ചറിയുന്നതിന് നീ വളരെ പഠിക്കേണ്ടിയിരിക്കുന്നു.

അയ്യപ്പസ്വാമിയെപ്പററി നീ കേട്ടിട്ടുണ്ടല്ലോ. അയ്യപ്പസ്വാമിയുടെ കഥയിൽ വളരെ പ്രധാനപ്പെട്ട ഒരു സ്ഥലമാണ് പമ്പാസരസ്സ്. അയ്യപ്പൻ ഒരു ശിശുവായി ശയിച്ചിരുന്നത് പമ്പാതീരത്തായിരുന്നുവത്രേ. പമ്പാതീരത്തിലൂടെ പന്തളം വാണിരുന്ന രാജശേഖരൻ എന്ന മഹാരാജാവു് വേട്ടയാടി നടന്നു. വേട്ടയാടി ക്ഷീണിച്ചു മഹാരാജാവ് പമ്പാസരസ്സിൽ വന്ന് ശുശ്രൂ

ജലം കുടിച്ച് അവിടെ വിശ്രമിച്ചു. അപ്പോൾ അവിടെ ഒരു കുട്ടിയുടെ കരച്ചിൽ കേട്ടു. രാജാവ് അവിടെ ഓടിച്ചെന്നു. സുന്ദരനായ ഒരു കുഞ്ഞു കിടക്കുന്നതായി രാജാവ് കണ്ടു. രാജാവ് കുഞ്ഞിനെ കൊട്ടാരത്തിൽക്കൊണ്ടുപോയി വളർത്തി. അത്ഭുത പരാക്രമങ്ങളുണ്ടായിരുന്ന ആ ബാലൻ അയ്യപ്പസ്വാമിയായിരുന്നുത്രേ. ഇങ്ങനെ പമ്പാസരസ്സിനെപ്പററിയുള്ള കഥകൾ അനേകമുണ്ട്.

ത്രിവേണീതീരത്തുള്ള വനഭംഗിയെക്കുറിച്ചു വർണ്ണിച്ചാൽതന്നെ അനേകം എഴുത്തുകൾക്കു വകയുണ്ട്. ആകാശം മുട്ടിനിൽക്കുന്ന മരങ്ങൾ! നട്ടുച്ചയ്ക്കുപോലും അവിടെ തറയിൽ പ്രകാശം കടന്നു ചെല്ലാറില്ല. ചില മരങ്ങളിലൂടെ കൂററൻ വള്ളികൾ ചുററിപ്പടർന്ന് കിടക്കുന്നു. അവ മുകളിലെത്തി ആകാശത്ത് വഴിമുട്ടിനിൽക്കുകയാണ്. ചിലത് മററു മരങ്ങളിലേയ്ക്ക് പടർന്ന് പിടിക്കുന്നു. ആകാശത്തുവച്ച് അനേകം മരങ്ങളെ ചുററിപ്പിടിച്ചു കിടക്കുന്ന തടിയൻ വള്ളികളുമുണ്ട്. കുരങ്ങന്മാർക്ക് ആകാശസഞ്ചാരത്തിനു വേണ്ടി പാലം നിർമ്മിച്ചിരിക്കുകയാണെന്നുതോന്നും അതുകണ്ടാൽ. വാനരന്മാർ ആ വള്ളിപ്പാലത്തിലൂടെ വരിയിട്ടു നടന്നു പോകുന്നതു കാണാം. അവർ മനുഷ്യരെ കണ്ടാൽ ഒന്നു നോക്കും. പിന്നീട് പല്ലിളിക്കും. അതിനു ശേഷം അവർ തമ്മിൽത്തമ്മിൽ നോക്കിയിരിക്കും. മനുഷ്യരെ ഭയക്കേണ്ടകാര്യം അവർക്കില്ല. അത്രഉയരത്തിലാണ് ഇരിപ്പ്!

വൃക്ഷക്കൊമ്പുകളിൽനിന്ന് ചില വലിയ വള്ളികൾ തറയിലേയ്ക്കു നീണ്ടുകിടക്കുന്നുണ്ട്. ചില വികൃതിക്കുരങ്ങന്മാർ അതിലൂടെ മിന്നൽ വേഗത്തിൽ കീഴോട്ടിറങ്ങും. അതിലും വേഗത്തിലായിരിക്കും മേലോട്ടുകയറുന്നത്. മേൽ എത്തിയശേഷം ആ കുസൃതിക്കാരൻ ഒന്നുമറിയാത്തവനെപ്പോലെ വള്ളിപ്പാലത്തിൽ കയറിക്കുത്തിയിരിക്കും. കാട്ടുവകകളും മററും താഴെ ഒച്ചയുണ്ടാ

കുന്നതു് അവൻ അത്ര ഗൗനിക്കാറില്ല. കാട്ടാനകൾ കടന്നു പോകുമ്പോൾ അതിന്റെ പുറത്തുചാടി ഒരു വിദ്യ കാണിക്കാൻ വഴിയുണ്ടോ എന്നു് അവൻ ആലോചിക്കും.

മോനെ, ഇത്രയും പറഞ്ഞതുകൊണ്ടുമാത്രം പമ്പാ സരസ്സിന്റെ ഒരു രൂപം കിട്ടിക്കാണുമെന്നു് തോന്നുന്നില്ല. അടുത്ത കത്തിലും ഞാൻ പമ്പാസരസ്സിനെപ്പറ്റിയായിരിക്കും വിവരിക്കുന്നതു്.

എന്നു്,
വാത്സല്യപൂർവ്വം,
അച്ഛൻ.

HIGH SCHOOL
Date..........
ERNAKULAM.

# അഞ്ച്

പുനലൂർ,
20—12—'67.

മധു,

എന്റെ കത്ത് അല്പം താമസിച്ചുപോയി. ഞാൻ യാത്രയിലായിരുന്നു. ഇന്നലെയാണ് തിരിച്ചുവന്നത്. കത്തെഴുതാൻ ഇനിയും താമസിച്ചാൽ നിനക്കു പരിഭവമാകുമെന്ന് എനിക്കറിയാം. അതുകൊണ്ട് ഉടനേ എഴുതുകയാണ്.

പമ്പാസരസ്സിനെക്കുറിച്ച് ഞാൻ കഴിഞ്ഞ കത്തിൽ എഴുതിയിരുന്നു. ഈ കത്തിലും പമ്പാസരസ്സിനെക്കുറിച്ച് എഴുതുമെന്നാണ് ഞാൻ പറഞ്ഞിരുന്നത്. ശബരിമലയാത്രയുടെ കാലത്ത് അവിടം ഭക്തജനങ്ങളെക്കൊണ്ട് നിറയും. അന്ന് അവിടെക്കാണുന്ന വിശേഷങ്ങളെപ്പററി പറഞ്ഞറിയിക്കാൻ പ്രയാസമാണ്. ഞാൻ ചുരുക്കിപ്പറയുകയാണ്.

നീണ്ടു പരന്നു കിടക്കുന്ന പമ്പാസരസ്സിലെ പഞ്ചാരമണൽത്തട്ടിലേയ്ക്കൊന്നു നോക്കിയാൽ ആയിരക്കണക്കിനു കുടിലുകൾ കാണാം. മലയോരത്തുള്ള കാട്ടുകമ്പുകളും ഈററയിലകളും മററും ഉപയോഗിച്ചാണ് കുടിലുകൾ കെട്ടിയുണ്ടാക്കുന്നത്. അയ്യപ്പന്മാർ കുടിലുകൾക്കുള്ളിൽത്താമസിച്ച് ഭക്തിയോടുകൂടി ഭജന നടത്തുന്നു. കുടിലുകൾ ഇല്ലാത്തവർ മണൽപ്പുറത്ത് പായ് വിരിച്ച് കൂട്ടമായിരുന്നു ഭജിക്കും. താളവും മേളവും എല്ലാം ഉണ്ടായിരിക്കും അവരുടെ ഭജനയ്ക്ക്. അതിനിടയ്ക്ക് അവരുടെ ഉച്ചത്തിലുള്ള ശരണം വിളിയും കേൾക്കാം.

പമ്പയിലെ കാഴ്ചകളിൽ പ്രധാനമാണ് പമ്പവിളക്കും ദീപക്കാഴ്ചയും. ഓരോകുടിലും വിളക്കുകൾകൊണ്ട് ശോഭിക്കും.

ദീപങ്ങൾകൊണ്ടു് കുടിലുകൾ അലങ്കരിച്ചതിനുശേഷം പമ്പയിൽ ദീപക്കാഴ്ച നടത്തുന്നു. ഈററകൊണ്ടു് രഥക്കൂടങ്ങളുണ്ടാക്കി അവകളിലാണു്, നദിയിൽ ദീപങ്ങൾ കത്തിച്ചുവിടുന്നതു്. ഓരോ രഥക്കൂടത്തിലും അനേകം ദീപങ്ങൾ കാണും. എണ്ണമുക്കിയ തിരികൾ, പന്തങ്ങൾ, മെഴുകുതിരികൾ, കർപ്പൂരം മുതലായവയാണു് രഥക്കൂടങ്ങളിലെ ദീപങ്ങൾ. കുഞ്ഞോളങ്ങളിൽ ഉയൎന്നും താണും അവ നീങ്ങി നീങ്ങിപ്പോകും. മകരനിലാവിൽ ശോഭിക്കുന്ന പമ്പയുടെ കരകളിലെല്ലാം ഭക്തജനങ്ങൾ നിരന്നുനിന്നു ശരണം വിളിക്കും. നോക്കിയാൽ എങ്ങും ഒരന്തമില്ല. കരയ്ക്കുനോക്കിയാലും ജലത്തിൽ നോക്കിയാലും ദീപങ്ങൾ തന്നെ. കർപ്പൂരദീപങ്ങളുടെ മണംകൊണ്ടുതന്നെ മനം കുളിരും.

അയ്യപ്പന്മാർ ഭക്തിയോടുകൂടി ആചരിക്കുന്ന മറെറാരു ചടങ്ങാണു് പമ്പയിലെ സദ്യ. ഓരോസംഘത്തിലുമുള്ള അയ്യപ്പന്മാർ അവരവരുടെ സദ്യ കേമമാക്കാൻ ശ്രമിക്കുന്നു. ഓരോരുത്തരുടേയും കെട്ടുകളിൽനിന്നു് സാധനങ്ങൾ എടുത്തുകൂട്ടിയാണു് സദ്യനടത്തുന്നതു്. വല്ലതും പോരാതെ വന്നാൽ പമ്പയിലെ കമ്പോളത്തിൽനിന്നു് അവർ വാങ്ങിക്കും. സദ്യ കേമമായിരിക്കണം. അതു് നിർബന്ധമാണു്. കേമമാണെന്നു് മററുള്ളവരെ അറിയിക്കുന്നതിനും അവൎക്കാഗ്രഹമുണ്ടു്. അതിനുവേണ്ടി അവർ ഒരു ഉപായം പ്രയോഗിക്കും. ചെറുതും വലുതുമായ പപ്പടങ്ങൾ കാച്ചി ഈററക്കമ്പുകളിൽ കെട്ടിത്തൂക്കും. പപ്പടങ്ങൾകൊണ്ടു് കൊടി നാട്ടിയിരിക്കുന്നതുപോലെ തോന്നും അതു കണ്ടാൽ. കുടിലുകളിലെ സദ്യകളിൽ എവിടെയെങ്കിലും ഒരിടത്തു് അയ്യപ്പൻ പങ്കുകൊള്ളുമെന്നാണു് അവരുടെ വിശ്വാസം. അതുകൊണ്ടു് ഓരോ സംഘക്കാരും മറെറാരാളെക്കൂടി സദ്യയിൽ പങ്കുകൊള്ളിക്കാൻ ശ്രമിക്കും.

പമ്പയെപ്പററിക്കേൾക്കുമ്പോൾ ശബരിമലയുടെ കാര്യം നാം ഓൎത്തുപോകും. പമ്പയിലെ ചടങ്ങുകൾ കഴിഞ്ഞു് ഭക്ത

ജനങ്ങൾ ശബരിമലയ്ക്കു് യാത്ര തുടങ്ങും. ആ യാത്രയെക്കുറിച്ചും അല്പം പറയാം.

പമ്പയിൽനിന്നു് ശബരിമലയ്ക്കു് ഏകദേശം നാലുമൈൽ ദൂരമുണ്ടു്. മലകയററം ആരംഭിക്കുന്ന ഭാഗത്തു് പന്തളം രാജാവിൻെറ പാളയം കാണാം. പാളയം കഴിഞ്ഞു് നീലിമലകയററം ആരംഭിക്കും. കഠിനമായ കയററമാണിതു്. ഇവിടെ ഊക്കൻ മരങ്ങൾ ഇടതിങ്ങി വളരുന്നു. നടന്നു തെളിഞ്ഞിട്ടുള്ള വഴികൾ മേലോട്ടു മേലോട്ടു തെളിഞ്ഞുകിടക്കുന്നതു കാണാം. കുറേ മേലോട്ടു ചെന്നാൽ നിരപ്പായിരിക്കുമെന്നു തോന്നും. നടക്കുന്തോറും കയററത്തിനു കാഠിന്യം കൂട്ടുകയാണു ചെയ്യുന്നതു്. കയററം കയറി ക്ഷീണിക്കുമ്പോൾ കുടിക്കുന്നതിനു് അയ്യപ്പന്മാർ പമ്പാജലം പാത്രങ്ങളിൽ സൂക്ഷിച്ചിരിക്കും. ദാഹിക്കുമ്പോൾ അതു കുടിച്ചു് അല്പം വിശ്രമിച്ചു് വീണ്ടും നടന്നുതുടങ്ങും. ചില ഭാഗങ്ങളിൽ അല്പം നിരന്നസ്ഥലങ്ങൾ കാണാം. അവിടെനിന്നു് അകലെ നോക്കിയാൽ നാം മറെറാരു ലോകത്തു നിൽക്കുകയാണെന്നു തോന്നിപ്പോകും. നീലിമലയിൽ ഇങ്ങനെ അനേകം ഭാഗങ്ങളുണ്ടു്.

കയററത്തിൻെറ കാഠിന്യം കുറഞ്ഞു തുടങ്ങുന്നതു് അപ്പാച്ചിമേട്ടുംപുറം എന്നറിയപ്പെടുന്നഭാഗം മുതലാണു്. അവിടെ പണ്ടു് രാവണൻെറ സഹോദരിയായ ശൂർപ്പണഖ ഇരുന്നു വിശ്രമിച്ചെന്നും മററും പറയുന്നുണ്ടു്. ആ കുന്നിൻെറ രണ്ടുവശത്തും വലിയ രണ്ടു കുഴികൾകാണാം. അതിൽ വലിയ കുഴിക്കു് അപ്പാച്ചിക്കുഴിയെന്നും ചെറിയ കുഴിക്കു് ഇപ്പാച്ചിക്കുഴിയെന്നുമാണു് പറയാറുള്ളതു്. നോക്കെത്താത്ത താഴ്ചയുണ്ടു് ആ കുഴികൾക്കു്. അയ്യപ്പസ്വാമിയുടെ ഒരു അനുചരനായ കടുരവൻ ഇവിടെയാണത്രേ ദുർദ്ദേവതകളെ അടക്കിനിർത്തിയിരിക്കുന്നതു്. ചില ഭക്തന്മാർ അവരെ ഉദ്ദേശിച്ചു് അപ്പാച്ചിക്കുഴയിൽ അരിയുണ്ട എറിയുന്നതു കാണാം. എങ്ങോട്ടു നോക്കിയാലും ഉയർന്നുയർന്ന

Date.................. ERNAKULAM

നിൽക്കുന്ന പർവ്വതങ്ങൾ! ഏതു മനസ്സും ആ പ്രകൃതിഭംഗികണ്ട് അല്പം ഇളകിപ്പോകും.

അപ്പാച്ചിമേട്ടം പുറത്തുനിന്ന് അല്പംകൂടിച്ചെന്നാൽമതി ഒരു മൈതാനമുണ്ട്. ഉയന്ന വൃക്ഷങ്ങൾ അവിടെ ധാരാളം നിരന്നു നിൽക്കുന്നു. എങ്കിലും തറയിൽ നല്ല വെളിച്ചമുണ്ട്. ഇരുൾമൂടിയ ഭാഗങ്ങളിലൂടെ അവിടെ ചെല്ലുമ്പോൾ രാത്രി കഴിഞ്ഞ് നേരം പുലന്നതാണെന്നു തോന്നിപ്പോകും.

പണ്ട് ശബരി എന്ന ഒരു താപസി ഇവിടെ ഉണ്ടായിരുന്നതായി വിശ്വസിക്കുന്നു. ശ്രീരാമൻ ശബരിയുടെ ആശ്രമത്തിൽ ചെന്നിരുന്നതായി രാമായണത്തിൽ പറയുന്നുണ്ട്. അതിവിടെയായിരുന്നത്രെ. ചെറിയ ഒരു കൽമണ്ഡപം ഇവിടെക്കാണുന്നു. ശബരിപീഠം എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. ശബരി ഇതിൽ ഇരുന്നാണത്രേ തപസ്സുചെയ്തത്. അതുകൊണ്ടു ഈ മലയ്ക്ക് ശബരിമലയെന്ന പേരുണ്ടായി. ഇവിടെ ദീർഘകാലം തപസ്സിരുന്ന ശബരിക്ക് അയ്യപ്പനാണത്രേ മോക്ഷംകൊടുത്തത്.

ശബരിപീഠത്തിൽനിന്നും ഏതാണ്ട് ഒരു മൈൽ ദൂരം മാത്രമേ ക്ഷേത്രത്തിലേയ്ക്കുള്ളൂ. ഇതിനിടയ്ക്ക് ശരംകുത്തിയാൽ തറ എന്നറിയപ്പെടുന്ന ഒരു സ്ഥാനമുണ്ട്. ആൽത്തറയെന്നു പറയപ്പെടുന്നുണ്ടെങ്കിലും ഇപ്പോൾ അവിടെ ആൽ കാണാനില്ല. ആലിനു പകരം ഈറയും മുളയും ഉപയോഗിച്ച് എട്ടുപത്തടി ഉയരത്തിൽ ഒരു കൂട് നിർമ്മിച്ചിരിക്കുന്നു. എട്ടൊൻപതടിയോളം വീതിയുമുണ്ട്. വർഷംതോറും ഇതുപോലൊന്ന് അവിടെ നിർമ്മിക്കുകയാണ്. ആദ്യമായി മലയ്ക്കുപോകുന്നവരെ കന്നി അയ്യപ്പന്മാർ എന്നാണ് പറയുക. കന്നി അയ്യപ്പന്മാർ അയ്യപ്പസ്വാമിയുടെ വേട്ടയെ അനുസ്മരിച്ച് ഒരു ശരക്കോൽ കൊണ്ടുവരും. അത് ഈ കൂട്ടിൽ ഇടും. നിന്റെ പ്രായത്തിലുള്ള കന്നി അയ്യ

പ്പന്മാർ ഇവിടെ ശരക്കോൽ നിക്ഷേപിച്ച് കൂട്ടിനു് വലം വയ്ക്കുന്നതു കാണാം. വലംവച്ചതിനുശേഷം ഒരു നാളികേരബലിയും നടത്തും. ബലികഴിഞ്ഞു് പൊട്ടിത്തകൻ കിടക്കുന്ന നാളികേരത്തിൻെറ ഒരു കൂമ്പാരം അവിടെക്കാണാം. ശരക്കോൽകൊണ്ടു് കൂട്ടം നിറഞ്ഞിരിക്കും. തീർത്ഥാടനകാലം കഴിഞ്ഞു് ഈ ശരക്കോൽ എണ്ണി കന്നിഅയ്യപ്പന്മാരുടെ സംഖ്യ നിർണ്ണയിക്കാം.

ശരംകുത്തിയാൽത്തറ മുതൽ ക്ഷേത്രത്തിലെ വെടി മുഴക്കം ഭംഗിയായി കേട്ടുതുടങ്ങും. അവിടെയുള്ള ഭക്തജനങ്ങളുടെ ശരണം വിളിയും വെടിമുഴക്കവും ഉച്ചഭാഷിണി ശബ്ദവും എല്ലാം കൂടിക്കേട്ടു് ഭക്തന്മാർ മതിമറന്നുപോകും. കുറച്ചു സമയംകൊണ്ടു് ക്ഷേത്രത്തിൽ എത്തിക്കഴിയും.

മററു ചില ക്ഷേത്രങ്ങളുമായി നോക്കുമ്പോൾ ശബരിമലക്ഷേത്രം ചെറുതാണെന്നുവേണം പറയാൻ. വലിപ്പത്തെ ആശ്രയിച്ചല്ല അതിൻെറ പ്രസിദ്ധി. പള്ളിക്കെട്ടു കൂടാതെ തിരുമുമ്പിലുള്ള പതിനെട്ടാംപടി കയററുതെന്നാണു് വയ്പ്പ്. ഭക്തന്മാർ തലയിൽ ചുമന്നുകൊണ്ടു പോകുന്ന കെട്ടിനാണു് പള്ളിക്കെട്ടെന്നും, ഇരുമുടിക്കെട്ടെന്നുമൊക്കെപ്പറയാറുള്ളതു്. പള്ളിക്കെട്ടില്ലാത്ത ഭക്തന്മാർ ക്ഷേത്രത്തിൻെറ ഇടതുവശത്തുള്ള പടികളിൽക്കൂടി കയററി ദർശനം നടത്തും. അവിടെയുമുണ്ടു് പതിനെട്ടു പടികൾ. മുൻവശത്തുള്ള പതിനെട്ടാം പടി കയറുമ്പോൾ നാളികേരം ഉടയ്ക്കുക, തൊട്ടുവന്ദിയ്ക്കുക എന്നിങ്ങനെ ചില ആചാരങ്ങൾ അനുഷ്ഠിച്ചു വരുന്നു. കന്നി അയ്യപ്പന്മാർ ഒന്നാമത്തെ പടിയിൽ നാളികേരം ഉടയ്ക്കുന്നു. പോകുന്ന പ്രാവശ്യത്തെ ആശ്രയിച്ചാണു് പടിയിൽ നാളികേരം ഉടയ്ക്കുന്നതു്. പതിനെട്ടു പടിയും പൂർത്തിയാക്കീട്ടുള്ളവർക്കു് ക്ഷേത്രത്തിനു സമീപം ഒരു തെങ്ങിൻ തൈ നടാം. പടികൾക്കു് കയറാനാവാത്ത തരത്തിലുള്ള ഉയരമൊന്നുമില്ല. അല്പം തൂക്കായിക്കിടക്കുന്നുവെന്നേയുള്ളൂ. നിൻെറ പ്രായത്തിലുള്ള കുട്ടികൾ ഉത്സാഹത്തോടുകൂടി പടി കയറിപ്പോകുന്നതു കാണാം.

നീ പതിനെട്ടുപുരാണങ്ങളെന്നു കേട്ടിരിക്കും; പതിനെട്ടടവുകൾ എന്നും കേട്ടിരിക്കും. എന്നാൽ പതിനെട്ട പുരാണങ്ങൾക്ക് പതിനെട്ടാം പുരാണമെന്ന് കേട്ടിരിക്കയില്ല. എന്നാൽ ഇവിടെ പതിനെട്ട പടികൾക്കും കൂടിയാണ് പതിനെട്ടാം പടിയെന്ന് പറഞ്ഞു വരാറുള്ളതു്.

പടി കടന്നു കഴിഞ്ഞാൽ തീൎത്ഥാടകർ ഭക്തികൊണ്ടു് മതി മറക്കും. തിരക്കിലൂടെ ദൎശനം കഴിച്ചു് പല ആചാരങ്ങളും അനുഷ്ഠിച്ചു തുടങ്ങും. കർപ്പൂരം കൊണ്ടു മാത്രമെരിയുന്ന കർപ്പൂരയാഴി, നാളികേരം കൊണ്ടു മാത്രമെരിയുന്ന അഗ്നികുണ്ഡം നെയ്ത്തോണി എന്നിവയെല്ലാം അത്ഭുതമുണ്ടാക്കുന്ന കാഴ്ചകളാണ്. ശുദ്ധമായ അളവിൽ പശുവിൻ നെയ്യ് ഇവിടെക്കാണുന്നത്ര അളവിൽ മറെറങ്ങും കാണാൻ കഴിയുകയില്ല. നെയ്യഭിഷേകം ക്ഷേത്രത്തിന് നല്ല ഒരു വരുമാനമാണ്. ഒരു തത്വമനുസരിച്ചാണത്രേ ഈ അഭിഷേകം. ഭക്തികൊണ്ടു് മനുഷ്യൻെറ മനസ്സ് പാകപ്പെട്ടു് അയ്യപ്പനിൽ ചെന്നുചേരുന്നു. അപ്പോഴുണ്ടാകുന്ന അവസ്ഥകൾക്ക് തുല്യമാണത്രേ ഈ നെയ്യഭിഷേകം. പശുവിൻെറ രക്തം, പാല്, തൈര്, വെണ്ണ, നെയ്യ് എന്നീ അവസ്ഥകളെല്ലാം പ്രാപിക്കുന്നില്ലേ? അതുപോലെ മനുഷ്യൻെറ മനസ്സ് ദുർവിചാരങ്ങളെല്ലാം കളഞ്ഞു് അയ്യപ്പനിൽ ചെന്നുചേരുന്നുവെന്ന് വ്യക്തമാക്കുകയാണ് നെയ്യഭിഷേകംകൊണ്ടു ചെയ്യുന്നതു്. മനുഷ്യശരീരത്തിനു തുല്യമാണത്രേ നാളികേരം. അഭിഷേകത്തിനുശേഷം നാളികേരം അഗ്നികുണ്ഡത്തിൽ ഹോമിക്കുന്നു. സമാധിയടഞ്ഞ ഒരു ഭക്തൻെറ ശരീരം അഗ്നിയിൽ ദഹിപ്പിക്കുന്നതുപോലെ.

ഭക്തന്മാർ ശബരിമലയാത്രയെപ്പററി പല തത്വങ്ങളും പറയുന്നുണ്ടു്. അതിനെപ്പററി ഒന്നും ഞാൻ വിവരിക്കുന്നില്ല. നിനക്ക് ഇപ്പോൾ അതൊന്നും മനസ്സിലാവുകയില്ല. പമ്പയിൽനിന്ന് നാം അല്പം ഇങ്ങു കടന്നുപോയി, ഇനി നമുക്ക് പമ്പയിലേക്ക് ചെല്ലാം.

ദർശനം കഴിഞ്ഞ സ്വാമിഭക്തന്മാർ ക്ഷേത്രത്തിനു പുറത്തുള്ള പലയിടങ്ങളിലും വഴിപാടുകൾ നടത്തുന്നുണ്ട്. വഴിപാടുകൾക്കുശേഷം അവർ നാട്ടിലേയ്ക്കു മടങ്ങുന്നു.

നാനാദേശങ്ങളിൽനിന്ന് തീർത്ഥാടകർ ഇവിടെ എത്തുന്നുണ്ട്. പല ഭാഷകൾ! പല വേഷങ്ങൾ! എല്ലാം ഇവിടെ ഒന്നു ചേരുന്നു. തിരിച്ചുള്ള യാത്ര അതിവേഗത്തിലാണ്.

ശബരിമലയാത്ര സുഖകരമാക്കുന്നതിന് ഇപ്പോൾ ചില പദ്ധതികൾ രൂപപ്പെടുത്തിവരികയാണ്.

എഴുത്തു ചുരുക്കുന്നു. നിന്നെ സാമൂഹ്യപാഠം പഠിപ്പിക്കുന്ന സാറിന്റെ ഒരെഴുത്ത് ഇന്നലെ എനിക്കുണ്ടായിരുന്നു. നിന്നെപ്പററി സാറിനു നല്ല മതിപ്പാണ്. കാരണം, സാമൂഹ്യപാഠത്തിലെ പാഠങ്ങൾ മാത്രമല്ല മററു പൊതുവിഷയങ്ങളും നിനക്കു നല്ലവണ്ണം അറിയാമെന്നുള്ളതുതന്നെ. ശേഷം അടുത്തതിൽ

എന്ന്,

വാത്സല്യപൂർവ്വം,

അച്ഛൻ

## ആറ്

പുനലൂർ,
3—1—'68.

മധു,

നിന്റെ എഴുത്തുകിട്ടി. വിവരങ്ങൾ അറിഞ്ഞതിൽ സന്തോഷം. നീ ധാരാളം വായിക്കുന്നുണ്ടെന്നു എനിക്കു മനസ്സിലായി. ചെറുപ്പത്തിൽ തന്നെ ഈ ശീലം നിനക്കുണ്ടായതു ഭാഗ്യംതന്നെ. വായനയിലൂടെ നിനക്ക് അറിവുണ്ടാകും. അറിവനുസരിച്ചു പ്രവർത്തിക്കുകയും കൂടി ചെയ്താൽ നീ ഒരു മഹാനായിത്തീരും. ഞാൻ ആനന്ദിക്കും.

പമ്പാനദി ത്രിവേണിയും കടന്ന് പോവുകയാണ്. കുതിച്ചു ചാടിയും പൊട്ടിച്ചിരിച്ചും. ഇടയ്ക്കു് കൂററൻ പാറകൾ അവളെ തടഞ്ഞു നിറുത്തും; വെൺമുത്തുകൾ വാരിവിതറിക്കൊണ്ടു് അവൾ കടന്നുപോകും. മലയോരങ്ങളിലൂടെ കടന്നുപോകുമ്പോൾ ചില വനവാസികളെ പമ്പ പരിചയപ്പെട്ടിട്ടുണ്ടു്. കാണികൾ, അരയന്മാർ, പളിയന്മാർ എന്നൊക്കെയാണ് അവരെ വിളിക്കാറുള്ളതു്. വൃക്ഷങ്ങൾക്ക് മുടിവച്ചതുപോലെ ചില മാടങ്ങൾ കാണാം. ഏറുമാടങ്ങൾ, മച്ചാൻ, ഒടി, ആനമാടം എന്നെല്ലാം ഇവയ്ക്കു് പേരുകളുണ്ടു്. വനവാസികൾക്ക് അവരുടെ പാർപ്പിടങ്ങളിൽ പോകാൻ കഴിയാതെ വന്നാൽ രാത്രിയിൽ ഇതിൽ കഴിഞ്ഞുകൂടും. ആഹാരം പാകംചെയ്യുന്നതിനും മററും ഇതിൽ സൗകര്യമുണ്ടാക്കിയിട്ടുണ്ടു്. മാടത്തിൽ മണ്ണു കുഴച്ചു തിട്ടയുണ്ടാക്കി അതിലാണ് അടുപ്പുണ്ടാക്കുന്നതു്.

ഇരുപതടിയോളം ഉയരത്തിൽവച്ച് മരംമുറിച്ച് അതിന്മേൽ മാടംകെട്ടുന്നു. കാട്ടാനകൾ കൊമ്പു കുത്തിക്കുലുക്കുന്നതും കടുവകൾ

ജന്തുക്കളെ വേട്ടയാടുന്നതുമെല്ലാം അവക്ക് മാടത്തിൽ ഇരുന്നു കാണാം. വനവാസികളുടെ കുട്ടികൾ മലഞ്ചരിവുകളിൽ ഓടി നടക്കും. വനദേവതകൾ അവരെ രക്ഷിക്കുമെന്നാണ് അവരുടെ മാതാപിതാക്കന്മാർ വിശ്വസിക്കുന്നത്.

വനവാസികൾക്ക് അന്യരായ ആളുകളോട് വളരെ ബഹുമാനമാണ്. കള്ളവും ചതിയും ഒന്നും അവക്കറിഞ്ഞുകൂടാ. അല്പസ്വല്പമുണ്ടെങ്കിൽ അത് ദുഷ്ടജന്തുക്കളോടേ കാണിക്കൂ. തേൻ, കോലരക്ക്, കോലിഞ്ചി, ഇഞ്ചി മുതലായവ ശേഖരിക്കലാണ് ഇവരുടെ പ്രധാന തൊഴിൽ.

പമ്പ ശബരിമലയുടെ വടക്കുകിഴക്കുനിന്നും തെക്കോട്ടൊഴുകി, ചില പോഷകനദികളെയും ചേർത്ത് പെരുനാട്ടിൽ എത്തിയിരിക്കുന്നു. മനുഷ്യരുടെ വളവും തിരിവും അവൾ കണ്ടുതുടങ്ങുകയാണ്. വളഞ്ഞും തിരിഞ്ഞും വന്ന പമ്പ അതു കാണുമ്പോൾ ചിരിക്കുകയല്ലാതെന്തുചെയ്യും !

വടശ്ശേരിക്കരയെത്തുമ്പോൾ പമ്പയിൽ ഒരു പോഷകനദി വന്നുചേരുന്നു. അവിടെ ഒരു പാലമുണ്ട്. അതിനടുത്ത് ഒരു വാച്ചിംഗ് സ്റ്റേഷനുമുണ്ട്. വനവിഭവങ്ങൾ ആരും മോഷ്ടിച്ചുകൊണ്ടുപോകാതിരിക്കുന്നതിനു വേണ്ടിയാണ് ഈ സ്റ്റേഷൻ. റാന്നിയിൽ എത്തുന്നതോടുകൂടി പമ്പയ്ക്കു പരപ്പുകൂടുന്നതായിക്കാണാം. വേനൽക്കാലത്ത് പമ്പാതീരങ്ങൾ വലിയ മൈതാനങ്ങൾപോലെ പരന്നുകിടക്കും. അവിടെവച്ച് പലഭാഗങ്ങളിലായി അനേകം മതസമ്മേളനങ്ങൾ നടക്കാറുണ്ട്. ശബരിമല തീർത്ഥാടനം കഴിയുന്നതോടുകൂടിയാണ് ഇവിടെ ഹിന്ദുമത സമ്മേളനം നടക്കുന്നത്. ഈ സമ്മേളനത്തിൽ ഇന്ത്യയുടെ നാനാഭാഗത്തുനിന്നും ഹിന്ദുമതവിശ്വാസികൾ വന്നുചേരും.

ഓണക്കാലത്ത് ഇവിടെ ഒരു വള്ളംകളി നടക്കുന്നു. ശ്രീനാരായണന്റെ ജന്മനക്ഷത്രമാണല്ലോ ചതയം അന്നാണ് ഇവിടെ

വള്ളംകളി. ചതയംവള്ളംകളികഴിഞ്ഞശേഷം ഒരുദിവസം കഴിയു മ്പോൾ ഉത്രട്ടാതിയായി. അന്നാണ് ആറന്മുള വള്ളംകളി. അതും പമ്പയിൽത്തന്നെയാണ്.

പമ്പാതീരങ്ങളിലെ കരിമ്പുകൃഷി പ്രധാനമാണ്. കരിമ്പു കൃഷിക്കു പററിയ മണ്ണാണിതു്. നെൽക്കൃഷി അത്ര നന്നല്ലാത്ത ഭാഗങ്ങളിലെല്ലാം ഇവിടെ കരിമ്പുകൃഷി ചെയ്യുന്നു. കരിമ്പു പൂക്കുന്ന കാലത്തു് കരിമ്പിൻ പൂക്കൾ നിരന്നു നിൽക്കുന്നതു കണ്ടാൽ അതു് കൊച്ചൊരാകാശമാണെന്നു തോന്നിപ്പോകും. കരിമ്പിനിടയിൽ ധാരാളം കുറുനരികൾ കുടിയേറിപ്പാർക്കുന്നുണ്ട്. കരിമ്പു മോഷ്ടിക്കാനാണ് ആ കള്ളന്മാർ അവിടെ കടന്നുകൂടു ന്നതു്. കൃഷിക്കാർ കണ്ടാൽ അവററകളെ വെടിവച്ചു കൊല്ലും. റാന്നി, കോഴഞ്ചേരി, തിരുവല്ല എന്നിവിടങ്ങളിലെല്ലാം കരിമ്പു കൃഷി ധാരാളമുണ്ട്.

പമ്പയുടെ തീരങ്ങളിൽനിന്നും കരിമ്പു കയററിക്കൊണ്ട് ഊന്നൻ വള്ളങ്ങൾ താഴോട്ടു പോകുന്നതു് കാണേണ്ട കാഴ്ചതന്നെ. പല വലിപ്പത്തിലുള്ള വള്ളങ്ങളുണ്ട്. ഒരു ലാറിയിൽക്കൊള്ളു ന്നത്ര കരിമ്പ് സാധാരണ വള്ളങ്ങളിൽക്കൊള്ളും. വള്ളങ്ങളിൽ കുറുകെ ചങ്ങലകൾ ഇട്ടാണ് കരിമ്പടുക്കുന്നതു്. വളരെ ഉയര ത്തിൽ അടുക്കും. അടുക്കിക്കഴിഞ്ഞാൽ രണ്ടുവശത്തും ആൾനിന്ന് ചങ്ങലകളുടെ അററങ്ങൾ ബലമായിപ്പിടിച്ച് യോജിപ്പിക്കുന്നു. അങ്ങനെ മൂന്നുനാലു ചങ്ങലകൾകൊണ്ട് കെട്ടിക്കഴിയുമ്പോൾ യാത്രയ്ക്കു തയ്യാറായിക്കഴിയും. പിന്നെ പതുക്കെപ്പതുക്കെ പമ്പ യിലൂടെ നീങ്ങിത്തുടങ്ങും. ഒരു ഗജവീരൻെറ ഗാംഭീര്യത്തോടെ യായിരിക്കും. പോക്ക്. ഊന്നിവിടാൻ രണ്ടററത്തും രണ്ടാളുകൾ ഉണ്ടായിരിക്കും.

ഈ പോക്ക് എവിടംവരെയാണെന്ന് നിനക്ക് അറിയാ മോ? പമ്പാ റിവർ ഫാക്ടറിയിലേയ്ക്കാണ്. അവിടെ പഞ്ചസാര

നിർമ്മിക്കുന്നു. പഞ്ചസാരമില്ലെന്നു കേട്ടപ്പോൾ നിന്റെ നാക്കിലും ഒരു വള്ളം വിടാൻ വകയുണ്ടായിക്കാണുമെന്നു് ഞാൻ കരുതുന്നു. തിരുവല്ലായ്ക്കടുത്തുള്ള "പുളിക്കീഴ്" എന്ന സ്ഥലത്താണു് ഈ ഫാക്ടറി. പമ്പാതീരത്തിൽനിന്നു് കുറച്ചുകലമേയുള്ളു പുളിക്കീഴിലേയ്ക്കു്.

റാന്നിയിലൂടെ കരിമ്പുവള്ളങ്ങൾ കടന്നുപോകുന്ന കാഴ്ചയെപ്പററിയാണല്ലോ ഞാൻ പറഞ്ഞതു്. ഇവിടെ മററുതരം വള്ളങ്ങളും കാണാം. കച്ചവടത്തിനുപയോഗിക്കുന്ന കെട്ടുവള്ളങ്ങളാണവയിൽ പ്രധാനം. ഈ വള്ളങ്ങൾ ആലപ്പുഴക്കമ്പോളത്തിലുള്ള ചരക്കുകളുമായിവരും. അതു വിററു് കുരുമുളകു്, ഇഞ്ചി, കൊപ്രാ തുടങ്ങിയവ വാങ്ങിച്ചുകൊണ്ടു് തിരിച്ചുപോകും. ഇത്തരം വള്ളങ്ങൾക്കു് പന്നകവള്ളങ്ങൾ എന്നും പറയാറുണ്ടു്. വള്ളത്തിൻെറ മേൽക്കൂരയ്ക്കാണു് പന്നകം എന്നു പറയുന്നതു്. പന്നകം ഉള്ളതുകൊണ്ടാണു് പന്നകവള്ളങ്ങൾ എന്നു പറയുന്നതു്. മഴപെയ്താൽ ഇതിനകം നനയുകയില്ല. അതിൽ ഒരു യാത്രചെയ്താൽ കൊള്ളാമെന്നുണ്ടായിരിക്കും നിനക്കു്. അനേകം മൈൽ സഞ്ചരിക്കുമ്പോൾ ഈ യാത്ര മുഷിപ്പനായിത്തോന്നും. പമ്പയിൽ അൻപതുമൈലോളം ഇതുപോലുള്ള ഗതാഗതം നടക്കുന്നുണ്ടു്. ബോട്ടുകളും കുറവല്ല പമ്പയിൽ.

റാന്നി കഴിഞ്ഞു് അയിരൂർ എന്നൊരുസ്ഥലമുണ്ടു്. ഇവിടെ പമ്പാതീരത്തു് പുതിയാവു് ക്ഷേത്രം എന്നൊരു ദേവാലയം ഉണ്ടു്. പുതിയകാവു് എന്നു പറഞ്ഞതാണു് "പുതിയാവു്" എന്നായതു്. മനോഹരമായ ഒരു കാവു് ഇവിടെയുണ്ടായിരുന്നു. ഇപ്പോഴും അതിൻെറ ഭംഗിക്കു് കുറവുണ്ടായിട്ടില്ല. ഇവിടുത്തെ വൃക്ഷങ്ങളിൽ തൂങ്ങിക്കിടക്കുന്ന വാവലുകൾ ഇവിടെ നല്ല ഒരു കാഴ്ചയാണു്. ഇവററകൾ പക്ഷികളാണോ മൃഗങ്ങളാണോ എന്നു പറയാൻ പ്രയാസം തോന്നുന്നു. പക്ഷിക്കു് പല്ലുണ്ടോ? മൃഗങ്ങൾക്കു് ചിറകുണ്ടോ? വാവലിനു് ഇതെല്ലാമുണ്ടു്. പിന്നെ ഇവരെ

ഏതു കൂട്ടത്തിൽ ഉൾപ്പെടുത്താം. നിങ്ങളോടാരെങ്കിലും ചോദിച്ചാൽ പക്ഷിയാണെന്നു പറഞ്ഞുകൊള്ളൂ. പക്ഷം ഉള്ളതിനെ പക്ഷി എന്നു പറയുന്നു. പക്ഷം എന്നു പറഞ്ഞാൽ ചിറകെന്നർത്ഥമുണ്ടു്. വാവലിനു് ചിറകുണ്ടു്. എന്നു് ഒരു ന്യായവും പറയാം. വാസ്തവത്തിൽ ഇതു് മൃഗങ്ങളുടെ കൂട്ടത്തിൽ പെടുന്നു.

വാവലുകളെക്കൊണ്ടു് ഈ ക്ഷേത്രത്തിനു് നല്ല ഒരു വരുമാനമുണ്ടെന്നറിയുന്നു. അവററകൾ ഞാന്നു കിടക്കുന്ന മരങ്ങളുടെ ചുവട്ടിൽ രാവിലെ ചെന്നുനോക്കിയാൽ നമുക്കു് അത്ഭുതം തോന്നും. പാക്കു്, പുന്നയ്ക്ക, കശുവണ്ടി മുതലായവകൊണ്ടു് തറ മൂടിക്കിടക്കും. കശുവണ്ടിയുടെ കാലമായാൽ കൂടുതലും കശുവണ്ടിയായിരിക്കും. ക്ഷേത്രത്തിന്റെ ചുമതലക്കാർ അതു വാരിയെടുക്കാനുള്ള അവകാശം ലേലം വിളിച്ചു വിട്ടുകൊടുക്കുന്നു. കൂടുതൽ തുക വിളിക്കുന്ന ആൾക്കായിരിക്കും അവകാശം കിട്ടുന്നതു്.

പുതിയാവു് ക്ഷേത്രത്തിന്റെ മറുകരയ്ക്കാണു് കാട്ടൂർമഠം. ആറന്മുള ക്ഷേത്രവുമായി ഈ മഠത്തിനു് ചില കടപ്പാടുകൾ ഉള്ളതായിക്കാണുന്നു. പണ്ടു് കാട്ടൂർമഠത്തിൽ ഒരു ഭക്ത ബ്രാഹ്മണൻ ഉണ്ടായിരുന്നത്രേ. ഏകാദശിവ്രതം അനുഷ്ഠിക്കുന്ന പതിവുകാരനായിരുന്നു അദ്ദേഹം. വ്രതം അനുഷ്ഠിക്കുന്ന ദിവസം ആഹാരം കഴിക്കുകയില്ല. വ്രതത്തിനുശേഷം കഴിക്കുന്ന ആദ്യത്തെ ആഹാരത്തിനു് 'പാരണ' എന്നാണു് പറയാറുള്ളതു്. പാരണ വീടുമ്പോൾ ഒരതിഥിക്കുംകൂടി ആഹാരം കൊടുക്കണമെന്നുണ്ടു്. ബ്രാഹ്മണൻ ഈ പതിവും ആചരിച്ചിരുന്നു.

ഒരിക്കൽ ചിങ്ങമാസത്തിലെ ഏകാദശിവ്രതം ഉത്രാടത്തും നാൾ ആയിരുന്നു. പിറേറദിവസം തിരുവോണമാണല്ലോ. തിരുവോണദിവസമായിരുന്നു അദ്ദേഹത്തിനു പാരണ വീടേണ്ടിയിരുന്നതു്. എന്നാൽ അദ്ദേഹത്തോടുകൂടി ആഹാരം കഴിക്കുന്നതിനു് അതിഥികളാരും അന്നു വന്നില്ല. തിരുവോണ ദിവസം ഒരു അന്യ

വീട്ടിൽ സദ്യയുണ്ണാൻ പോകുന്നതാരാണ്? അദ്ദേഹം വിഷമിച്ചിരുന്നു. അപ്പോൾ അവിടെ ഒരു ബ്രാഹ്മണബാലൻ വന്നു ചേർന്നത്രേ. ആ ബാലനുമായി അദ്ദേഹം ആഹാരം കഴിച്ചു. ബാലൻ ആഹാരം കഴിഞ്ഞ് സന്തുഷ്ടനായി എഴുന്നേററുപോയി. ആഹാരത്തിനു ശേഷം ബ്രാഹ്മണൻ എഴുന്നേററുനോക്കിയപ്പോൾ ബ്രാഹ്മണബാലനെക്കണ്ടില്ല. ബ്രാഹ്മണന് വലിയ അത്ഭുതമായി. ആ ബാലൻ ആറന്മുള ഭഗവാനായിരുന്നുവെന്ന് പിന്നീട് അദ്ദേഹത്തിന് സ്വപ്നദർശനം ഉണ്ടായത്രേ.

അതിനുശേഷം ഭക്തബ്രാഹ്മണൻ ചിങ്ങമാസത്തിലെ തിരുവോണദിവസം, ഒരു സദ്യയ്ക്കുവേണ്ട വട്ടങ്ങളെല്ലാം ആറന്മുള ക്ഷേത്രത്തിൽ എത്തിച്ചു തുടങ്ങി. അദ്ദേഹം വാർദ്ധക്യംകൊണ്ട് ക്ഷീണിച്ചു. പതിവ് മുടങ്ങിപ്പോകുമോ എന്ന് അദ്ദേഹത്തിനു വലിയ ഭയമായിരുന്നു. എന്നാൽ ആ പതിവ് ഇന്നും മുടങ്ങാതെ നടന്നുവരുന്നു. ആ ഭക്തബ്രാഹ്മണൻ ചരമം പ്രാപിച്ചിട്ട് ഇപ്പോൾ അനേകം വർഷങ്ങളായത്രേ. ഇപ്പോഴും ചിങ്ങമാസത്തിലെ തിരുവോണദിവസം വെളുക്കും മുമ്പ് കാട്ടൂർമഠത്തിലെ വള്ളം പമ്പയിലൂടെ നീങ്ങിത്തുടങ്ങും. ഈ വള്ളത്തെ "ഓണത്തോണി"യെന്നു പറഞ്ഞുവരുന്നു. കരക്കാരുടെ വള്ളങ്ങൾ ഈ വള്ളത്തെ അകമ്പടി സേവിക്കും. അകമ്പടിസേവിക്കാൻ അവസരം കിട്ടുന്നതു കരക്കാർക്ക് വലിയ സന്തോഷമാണ്.

ചെറുകോൽപ്പുഴയും കഴിഞ്ഞ് പമ്പ നീങ്ങുകയാണ്. ഇവിടം മുതൽ പമ്പയുടെ ഗാംഭീര്യം അല്പംകൂടി വർദ്ധിക്കുന്നു. നല്ല ചന്തമുള്ള മണൽപ്പരപ്പുകളാണ് തീരങ്ങളിൽ. ഇവിടെയും ഒരു ഹിന്ദുമഹാസമ്മേളനം നടന്നുവരുന്നു. പല ദിവസങ്ങളോളം സമ്മേളനം നീണ്ടുനിൽക്കും. മഹാപണ്ഡിതന്മാരുടെ വാഗ്വിലാസം പമ്പയെ സന്തോഷിപ്പിക്കും.

പമ്പാനദി കോഴഞ്ചേരിയും കടന്നു പോവുകയാണ്. അവിടെയുമുണ്ട് പമ്പയിൽ ഒരുവലിയ പാലം. പമ്പ എത്ര

ക്ഷമയുള്ളവളാണെന്നു നോക്കൂ! ഇതുപോലെ എത്ര സ്ഥലങ്ങളിൽ വച്ച് അവളെ നാം മറികടക്കുന്നു. മനുഷ്യരും അവരുടെ പല തരത്തിലുള്ള വാഹനങ്ങളുമെല്ലാം രാപ്പകലില്ലാതെ പാലങ്ങളിലൂടെ കടന്നുകൊണ്ടിരിക്കും.

ഈ പാലത്തിനടുത്താണു് പ്രസിദ്ധമായ മാരാമൺ കൺവൻഷൻ നടക്കുന്നതു്. ക്രിസ്തുമത സമ്മേളനമാണിതു്. ലോക പ്രസിദ്ധരായ പല മതപണ്ഡിതന്മാരും ഇതിൽ പങ്കെടുക്കും. വെള്ളക്കാരായിരിക്കും ഏറിയ പങ്കും. അവരുടെ പ്രസംഗങ്ങൾ ഇംഗ്ലീഷിലാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. പട്ടക്കുററൻ പന്തലിൽ വച്ചായിരിക്കും ഈ സമ്മേളനം നടക്കുന്നതു്.

ഇതിനടുത്തു് പമ്പാതീരത്തു് പഴയപള്ളി എന്നറിയപ്പെടുന്ന ഒരുപള്ളിയുണ്ടു്. ഈ പള്ളിയിൽ ഒരു പട്ടക്കുററൻ മണിയുണ്ടായിരുന്നത്രേ. രണ്ടു മൂന്നാൾ ചേർന്നെങ്കിൽ മാത്രമേ അതു പൊക്കിയെടുക്കാൻ കഴിയുമായിരുന്നുള്ളു. അതിഗംഭീരമായിരുന്നത്രേ അതിൻെറ മുഴക്കം. എന്നാൽ അതൊരുത്തൻ വന്നു തട്ടിക്കൊണ്ടുപൊയ്ക്കളഞ്ഞു. ആ കള്ളൻ ആരാണെന്നറിയാൻ നിനക്കാഗ്രഹമുണ്ടായിരിക്കും. നമുക്കു് കണ്ടുപിടിക്കാം. അടുത്തകത്തിൽ ആകട്ടെ.

കത്തു ചുരുക്കുകയാണു്. എനിക്കു് നാളെ ഒരു സാഹിത്യസമാജത്തിൽ പ്രസംഗിക്കേണ്ടതായിട്ടുണ്ടു്. അതിനു് അല്പം വായിക്കാനുണ്ടു്.

നിൻെറ കഴിഞ്ഞ കത്തിൽ ഗീതയെപ്പററി ഒന്നും എഴുതിയിരുന്നില്ല. അവളുടെ തുള്ളിച്ചാട്ടവും കൊഞ്ചിക്കുഴയലുമെല്ലാം ഞാൻ ഓർക്കുന്നു. നീ അവളെ കരയിക്കരുതു്..

എന്നു്,

വാത്സല്യപൂർവ്വം

അച്ഛൻ.

## ഏഴ്

പുനലൂർ,
12—1—'68

പ്രിയപ്പെട്ട മധൂ,

ഞാൻ അയയ്ക്കുന്ന കത്തുകളെല്ലാം വായിച്ചതിനു ശേഷം നീ സൂക്ഷിക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു. പറയത്തക്ക വിശേഷങ്ങളൊന്നും ഇവിടെയോ വീട്ടിലോ ഇല്ല. പമ്പയുടെ ശേഷംഭാഗത്തെപ്പററി ഞാൻ വിവരിച്ചു തുടങ്ങുകയാണു്. ആഴവും വീതിയും വർദ്ധിച്ചിരിക്കുന്നു പമ്പയ്ക്കു്. ഇപ്പോൾ അവൾക്കു് ചാട്ടവും തകർപ്പുമൊന്നുമില്ല.

കാര്യഗൗരവമുള്ള ഒരു യുവതിയെപ്പോലെ കടന്നു പോകുന്നു പമ്പ. അങ്ങനെ ആറന്മുള ക്ഷേത്രത്തോടടുക്കുകയാണു്. ആറന്മുളക്ഷേത്രത്തിലെ മണി മുഴക്കം ഇപ്പോൾ അവൾക്കു് ഭംഗിയായി കേൾക്കാം. കഴിഞ്ഞ ഒരെഴുത്തിൽ മാരാമൺ പഴയ പള്ളിയിലെ ഒരു മണിയെപ്പററി ഞാൻ എഴുതിയിരുന്നു. അതു തട്ടിക്കൊണ്ടു പോയ കള്ളനെപ്പററിപ്പറയാമെന്നു് ഞാൻ പറഞ്ഞിരുന്നില്ലേ? ആറന്മുളക്ഷേത്രത്തിലെയ്ക്കാണു് അതുകൊണ്ടുവന്നതു്. ആറന്മുള ക്ഷേത്രത്തിലേക്കു് അങ്ങനെ ഒരു മണിതട്ടിക്കൊണ്ടു വരുന്നതെന്തിനാണെന്നായിരിക്കും നീ ആലോചിക്കുന്നതു്. സംഭവം ഇങ്ങനെ പറയപ്പെടുന്നു.

ആറന്മുളക്ഷേത്രത്തിൽ ബാലകൃഷ്ണൻ എന്നു പേരുള്ള ഒരാനയുണ്ടായിരുന്നു. അവനായിരുന്നത്രേ ഈ അക്രമം കാണിച്ചതു്. ആനകളുടെ കൂട്ടത്തിൽ ഒരു ഭീമനായിരുന്നു ബാലകൃഷ്ണൻ. ഉത്സവത്തിന് ആറന്മുള ക്ഷേത്രത്തിൽ അനേകം ആനകളുടെ എഴുന്നള്ളത്തു് ഉണ്ടായിരിക്കും. എഴുന്നള്ളത്തിനു നിരന്നു നിൽക്കുന്ന

ആനകളിൽ ചിലതു് വികൃതിത്തരങ്ങൾ കാണിക്കും. അവരെ യെല്ലാം മര്യാദയ്ക്കു് നിർത്തുന്നതു് ബാലകൃഷ്ണനായിരിക്കും. അവന്റെ വലിയ കൊമ്പുകൾ കണ്ടാൽ ആരും നോക്കിനിന്നുപോകും. കാഴ്ച യിൽ ഭയങ്കരനായിരുന്നെങ്കിലും മര്യാദക്കാരനായിരുന്നു ബാല കൃഷ്ണൻ.

ഒരു ദിവസം നേരം നന്നേ പുലർന്നില്ല. ബാലകൃഷ്ണന്റെ ഭാവം മാറി. അവൻ രണ്ടുമൂന്നലറി., ചങ്ങല പൊട്ടിക്കാൻ പിടിച്ചു. ചങ്ങല പൊട്ടിയില്ല. അവനു ദേഷ്യമായി. ബല മായിപ്പിടിച്ചു. ചങ്ങല പൊട്ടി. ആളുകൾ പേടിച്ചുവിറച്ചു. ബാലകൃഷ്ണൻ ഓടി. അറിഞ്ഞവരെല്ലാം ഓടിഒളിച്ചു. ചിലർ ആനക്കാരെ വിളിച്ചു കൂവി. ആനക്കാരും അമ്പരന്നുപോയി. ബാലകൃഷ്ണൻ പമ്പയിലിറങ്ങി മേലോട്ടോടി. ബാലകൃഷ്ണനു ഭ്രാന്തി ളകിയെന്നു് ആളുകൾ പറഞ്ഞു. അവൻ പള്ളിയിൽച്ചെന്നു് മണിയിൽ എത്തിപ്പിടിച്ചു. ചങ്ങലകൊണ്ടു കെട്ടിയിരുന്ന മണി ബാലകൃഷ്ണന്റെ തുമ്പിക്കൈയിലായി. മണിയുംകൊണ്ടു് അവൻ തിരിച്ചുനടന്നു. വാർത്ത നാട്ടിലെങ്ങും പരന്നു. ആളുകൾ ഒളി ച്ചുനിന്നു് ബാലകൃഷ്ണന്റെ വിക്രിയകൾ നോക്കി. എല്ലാവരും അത്ഭുതപ്പെട്ടു. ബാലകൃഷ്ണൻ മണി ഉയർത്തിപ്പിടിച്ചു് വാലും ചുഴററി ഓടുകയാണു്. ഭൂമി കുലുങ്ങുന്നുണ്ടെന്നു തോന്നിപ്പോയ ത്രേ അവന്റെ ഓട്ടംമൂലം. ബാലകൃഷ്ണൻ ക്ഷേത്രത്തിന്റെ തിരുമുമ്പി ലെത്തി. ആനക്കാർ അല്പനേരം പേടിച്ചുനിന്നു. അവൻ ആന ക്കാരെ ആംഗ്യം കാണിച്ചുവിളിച്ചു. അവർ പേടിച്ചു പേടിച്ചു് അടുത്തുചെന്നു. ബാലകൃഷ്ണൻ മണിഉയർത്തിപ്പിടിച്ചു. അവൻ കാണിക്കുന്നതെല്ലാം ഭ്രാന്താണെന്നു് ചിലർ വിശ്വസിച്ചു. ഒരു ശാന്തിക്കാരൻ കാര്യം മനസ്സിലാക്കി. അവന്റെ കൈയിൽനിന്നും മണി വാങ്ങിച്ചു് അവൻ കാണിക്കുന്ന സ്ഥലത്തു കെട്ടാൻ ശാന്തി ക്കാരൻ പറഞ്ഞു. ആനക്കാർ അപ്രകാരം ചെയ്തു. മണികെട്ടി ക്കഴിഞ്ഞപ്പോൾ ബാലകൃഷ്ണൻ അവനെക്കെട്ടുന്ന സ്ഥാനത്തുചെന്നു നിന്നുവത്രേ. അപ്പോൾ അവൻ ശാന്തനായിരുന്നു. അവിടെയുള്ള

വർ ഈ സംഭവം ഭഗവാൻെറ മായാവിലാസമായിരുന്നു വെന്നു പറയുന്നു. ക്ഷേത്രത്തിനു മുമ്പിൽ ബാലകൃഷ്ണൻ കെട്ടിയമണി ഇപ്പോഴുമുണ്ടു്.

കേരളത്തിലെ മഹാക്ഷേത്രങ്ങളിൽ ഒന്നാണു് ആറന്മുള ക്ഷേത്രം. ശ്രീകൃഷ്ണനെ പാത്ഥസാരഥിരൂപത്തിലാണു് ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതു്. പമ്പാതീരത്തുള്ള മനോഹരമായ ഒരു കുന്നിൻമുകളിൽ ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നു. ചിങ്ങമാസത്തിൽ ഉത്രിട്ടാതിദിവസം ഈ ക്ഷേത്രത്തിനു തൊട്ടടുത്തുള്ള പമ്പയിൽ നടക്കുന്ന വള്ളംകളി വളരെ പ്രസിദ്ധമാണു്.

ആറന്മുള വള്ളംകളി കാണുന്നതിനു് പല സ്ഥലങ്ങളിൽ നിന്നും ആളുകൾ അവിടെയെത്താറുണ്ടു്. ആനന്ദംകൊണ്ടു് മതിമറന്നുപോകുന്ന ഇതുപോലുള്ള കാഴ്ചകൾ വളരെക്കുറവാണു്. ചുണ്ടൻവള്ളങ്ങൾ നിരന്നുനിൽക്കുന്ന കാഴ്ചതന്നെ വളരെ മനോഹരമാണു്. കളിക്കുപയോഗിക്കുന്ന വള്ളത്തിൻെറ ഒരററത്തിനു് ചുണ്ടെന്നും മറെറഅററത്തിനു് അമരമെന്നും പറയുന്നു. നെററിപ്പട്ടവും സ്വർണ്ണക്കുമിളകളുംവച്ചു് വള്ളത്തിൻെറ അമരം ഭംഗിയായി അലങ്കരിച്ചിരിക്കും. പതിരുപതടി ഉയരംവരും അമരത്തിനു്. അമരം പിടിക്കുന്നവർ ഉപയോഗിക്കുന്ന നയ്മ്പിനു് "അടനയ്മ്പെ"ന്നാണുപറയുന്നതു്. മററുനയ്മ്പുകളെ അപേക്ഷിച്ചു് ക്രൂററൻ നയ്മ്പുകളായിരിക്കും "അടനയ്മ്പുകൾ." വള്ളം തുഴയുന്നവർ രണ്ടുവരിയായാണു് ഇരിക്കുന്നതു്. മദ്ധ്യത്തു് പാട്ടുപാടി മററുള്ളവരെ ഉത്സാഹിപ്പിക്കുന്നതിനും ആളുകൾ ഉണ്ടായിരിക്കും. ഇവരെ "നിലയാളുകൾ" എന്നാണു പറയുന്നതു്. പ്രത്യേകതരം പാട്ടാണു് വള്ളംകളിക്കാർ പാടുന്നതു്. വഞ്ചിപ്പാട്ടുകൾ ഉണ്ടായതുതന്നെ ഇവരിൽനിന്നാണെന്നു പറയാം. പമ്പയിലെ കുഞ്ഞോളങ്ങളും വകുന്നുമാററിക്കൊണ്ടു് ഇങ്ങനെ അനേകം വള്ളങ്ങൾ നിരന്നുനിന്നു നീങ്ങുന്നതു കാണാൻ എന്തു രസിയായിരിക്കും!

ഇവിടത്തെ വഴിപാടുകളിൽ പ്രധാനമാണ് പള്ളസദ്യ. ഈ സദ്യയിൽ എല്ലാ വിഭവങ്ങളും ഉണ്ടായിരിക്കും. ഉണ്ണുന്നവരുടെ അഭിപ്രായമറിഞ്ഞു് വിളമ്പുകാർ കലവറക്കാരനു് അറിയിപ്പുകൊടുക്കും. വിഭവങ്ങൾ ചടങ്ങനുസരിച്ചുവേണം പന്തിയിൽ വരാൻ കലവറക്കാരൻ ഓരോരോവിഭവത്തിന്റെയും പേരു് വിളിച്ചു ചോദിച്ചുകൊണ്ടിരിക്കും. പരിചയമുള്ള കലവറക്കാരന്നു് വിഭവങ്ങൾ ഓരോന്നും കൊടുക്കേണ്ടതിന്റെ മുറയെപ്പററി നല്ല നിശ്ചയമുണ്ടായിരിക്കും. പരിപ്പു കൊടുത്തതിനുശേഷംപപ്പടം കൊടുക്കേണ്ടിവരുമെന്നു് അയാൾക്കറിയാം. പപ്പടം കൊടുക്കേണ്ടസമയമാകുമ്പോൾ കലവറക്കാരൻ ഇങ്ങനെ വിളിച്ചുചോദിക്കും.

"വല്യ-വല്യ-വല്യ-ആനപ്പപ്പടമേ............യ്"

ഉടനെ വിളമ്പുകാരൻ അനുവാദം കൊടുത്തുകൊണ്ടു് "ങ്ഹ......അതുകൊണ്ടുവാ-അതുകൊണ്ടുവാ" എന്നു പല പ്രാവശ്യം പറയുന്നു. പറഞ്ഞുകഴിഞ്ഞാൽ നിമിഷനേരം കൊണ്ടു് പന്തിയിൽ പപ്പടം വന്നുകൊള്ളും. അങ്ങനെ ഓരോന്നും.

വള്ളംകളിക്കാർക്കു് വെററിലനൽകി ബഹുമാനിക്കുന്ന പതിവും അവിടെയുണ്ടു്.

ആറന്മുളക്ഷേത്രത്തിനടുത്തുതന്നെ അർജ്ജുനനേയും പ്രതിഷ്ഠിച്ചിട്ടുണ്ടു്. ഈ പ്രതിഷ്ഠ അല്പം താണസ്ഥലത്താണു്. അർജ്ജുനൻ ആറന്മുള ക്ഷേത്രത്തിൽ വന്നിരുന്നുവെന്നു് ഒരൈതിഹ്യമുണ്ടു്. ആറുമുളകൾ ചേർത്തുവച്ചുകെട്ടിയ ഒരു ചെങ്ങാടത്തിൽ ആയിരുന്നത്രേ അർജ്ജുനൻ അവിടെ വന്നതു്. ആറന്മുളയെന്നു് ഈ സ്ഥലത്തിനു് പേരുണ്ടായതു് അതുകൊണ്ടാണെന്നു് ചിലർ അഭിപ്രായപ്പെടുന്നു.

ആറന്മുളക്കണ്ണാടിയെന്നു് നീ കേട്ടിരിക്കാൻ ഇടയുണ്ടു്. ആറന്മുളക്കണ്ണാടി പ്രസിദ്ധമാണു്. ഇതു് ഒരുതരം ലോഹക്ക

ണ്ണാടിയാണു്. വെളുത്തീയവും ചെമ്പും മററും ചേർത്തുണ്ടാക്കുന്ന ഓട്ടുകൊണ്ടാണു് ഈ കണ്ണാടി നിർമ്മിക്കുന്നതു്. കണ്ണാടിനിർമ്മിക്കാൻ വിശേഷപ്പെട്ട ഓടാണു് ഉപയോഗിക്കുന്നതു്. ഓട്ടു് ഭംഗിയായി മിനുസംവരുത്തുമ്പോൾ അതിൽ മുഖം കാണാൻ കഴിയും. ഇതു് ഇവിടെ ഒരു പ്രധാന കുടിൽവ്യവസായമായിരുന്നുവത്രെ.

തൽക്കാലം ഞാൻ എഴുത്തു നിർത്തുകയാണു്. അവിടെ എല്ലാവർക്കും സുഖംതന്നെയെന്നു വിശ്വസിക്കുന്നു. ശേഷം അടുത്തതിൽ.

എന്നു്,
വാത്സല്യപൂർവ്വം
അച്ഛൻ.

# എട്ട്

പുനലൂർ,
20-1-'68.

മധു,

കഴിഞ്ഞ ആഴ്ചയിൽ ഞാൻ വീട്ടിൽ പോയിരുന്നു. അവിടെ എല്ലാവർക്കും സുഖമാണ്. നിനക്കെഴുതയയ്ക്കുന്നതുപോലെ സൂരി മോനും എഴുതയയ്ക്കാത്തതിൽ അവൻ പരിഭവിച്ചിരിക്കുന്നു. അതുകൊണ്ട് ഡാമിൻേറയും വനങ്ങളുടെയും കുറെ പടങ്ങൾ അവനയച്ചുകൊടുക്കാൻ നിശ്ചയിച്ചിരിക്കയാണ്. അവൻ അതിൽ സന്തോഷിക്കും. ഇനി നമുക്ക് പമ്പയിലേക്ക് ചെല്ലാം.

പമ്പ തിരുവല്ലാ കടന്നുപോകുമ്പോൾ അവൾക്ക് ഒരു തലയെടുപ്പിന് വകയുണ്ട്. പമ്പയുടെ പേരിൽത്തന്നെയാണല്ലോ അവിടെയുള്ള പഞ്ചസാര ഫാക്ടറി. അതാണവളുടെ തലയെടുപ്പിനു കാരണം. അവർ ഫാക്ടറിക്ക് പമ്പയുടെ പേരുനൽകി ബഹുമാനിച്ചതു നന്നായി. അങ്ങനെ ഒരു ബഹുമതിക്ക് അവൾ അർഹയാണ്.

തിരുവല്ലാ കഴിഞ്ഞു് പമ്പ നിരണം, പരുമല എന്നീ സ്ഥലങ്ങൾ കടന്നാണ് പോകുന്നതു്. നിരണം കവികൾ എന്നു പ്രസിദ്ധരായ ചില കവികൾ നിരണത്തു ജീവിച്ചിരുന്നു. അന്ന് മലയാള ഭാഷയിൽ കവിതയെഴുതാൻ കവികൾ മിനക്കെട്ടിരുന്നില്ല. സംസ്കൃതത്തിലായിരുന്നു എല്ലാവരും കവിത എഴുതിയിരുന്നതു്. എന്നാൽ നിരണം കവികൾ അന്ന് മലയാളത്തിലാണ് കവിത എഴുതിയിരുന്നതു്. അതുകൊണ്ടു് അവരെ നാം എന്നും ഓർക്കേണ്ടതാണ്.

നിരണത്തു് ഒരു പള്ളിയുണ്ടു്. വളരെ പ്രസിദ്ധമാണു് നിരണം പള്ളി. ഭക്തജനങ്ങളെ അനുഗ്രഹിച്ചുകൊണ്ടു് അതു പമ്പാതീരത്തു സ്ഥിതിചെയ്യുന്നു.

പമ്പാനദി ചെങ്ങന്നൂരിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ചെങ്കുന്നു്, ഊർ, എന്നീ പദങ്ങളാണു് ചെങ്ങന്നൂർ എന്നു രൂപം മാറിയിരിക്കുന്നതു്. ചെറിയ ചെറിയ കുന്നുകളും മൈതാനങ്ങളും കൊണ്ടു് ഈ സ്ഥലം മനോഹരമാണു്. പമ്പയുടെ കൂട്ടത്താണു് ചെങ്ങന്നൂർ പട്ടണം. പട്ടണത്തിനു നടുക്കു് ചെങ്ങന്നൂർ ക്ഷേത്രം സ്ഥിതിചെയ്യുന്നു. ചെങ്ങന്നൂർ ക്ഷേത്രത്തെക്കുറിച്ചു് അനേകം ഐതിഹ്യങ്ങളുണ്ടു്. ദക്ഷിണകൈലാസം എന്ന കീർത്തി ഈ ക്ഷേത്രത്തിനുണ്ടു്. ഇവിടെ ശിവനേയും പാർവ്വതിയേയും കിഴക്കും പടിഞ്ഞാറുമായി പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ ക്ഷേത്രത്തെപ്പററിയുള്ള ഐതിഹ്യങ്ങളിൽ ചിലതുമാത്രം ചുരുക്കിപ്പറയാം.

അഗസ്ത്യന്റെ പേരുമായി ബന്ധപ്പെട്ടു് ചെങ്ങന്നൂർ ക്ഷേത്രത്തിനു് ഒരു കഥയുണ്ടു്. തപശ്ശക്തികൊണ്ടു് പ്രതാപശാലിയായിരുന്നു അഗസ്ത്യൻ. അഗം എന്നു പറഞ്ഞാൽ പർവ്വതം എന്നർത്ഥം. ഒരിക്കൽ ഒരു അഗത്തെ ഇദ്ദേഹം തലകുനിപ്പിച്ചുവത്രേ അഗത്തെ തലകുനിപ്പിച്ചതുകൊണ്ടു് അഗസ്ത്യൻ എന്നു് പേരുണ്ടായെന്നു പറയുന്നു. ഇദ്ദേഹം ധ്യാനിച്ചാൽ എതു ദേവനും പ്രത്യക്ഷപ്പെടും.

ശിവനും പാർവ്വതിയുമായുള്ള വിവാഹം നടന്നുകൊണ്ടിരുന്നപ്പോൾ കൈലാസത്തു് വലിയ തിരക്കായി. കൈലാസം താണുപോകുമോ എന്നു് പലരും സംശയിച്ചുതുടങ്ങി. അഗസ്ത്യനും സംശയമായി. കൈലാസത്തിന്റെ രക്ഷയ്ക്കുവേണ്ടി ശിവനേയും പാർവ്വതിയേയും അവിടെനിന്നു് മറെറാരു സ്ഥലത്തേയ്ക്കു മാററുന്നതു കൊള്ളാമെന്നു് അഗസ്ത്യൻ നിശ്ചയിച്ചു. എന്നിട്ടു് അഗസ്ത്യൻ ചെങ്ങന്നൂർ വന്നിരുന്നു് ശിവനെ ധ്യാനിച്ചു. ഉടൻതന്നെ ശിവനും പാർവ്വതിയും ഒരുമിച്ചുചെന്നു് മഹർഷിക്കു് ദർശനം നല്കി.

അതിനുശേഷം ശിവനും പാർവ്വതിയും ചെങ്ങന്നൂരിൽ സ്ഥിരവാസം തുടങ്ങിയത്രേ. അവരെ ബഹുമാനിച്ചുകൊണ്ടു് അവിടെ വലിയ ഉത്സവം നടത്തിയെന്നും പറയപ്പെടുന്നു. ഇപ്പോഴും ചെങ്ങന്നൂരിൽ വലിയ തോതിൽ ഉത്സവം നടന്നുവരുന്നു. ഇവിടത്തെ ഭഗവതി പ്രതിഷ്ഠയോടു് ബന്ധപ്പെട്ടു് പല അത്ഭുതകഥകളും കേൾക്കാറുണ്ടു്.

ചെങ്ങന്നൂർ ക്ഷേത്രത്തിലെ കൂത്തമ്പലം അത്ഭുതകരമായ രീതിയിൽ നിമ്മിച്ചതാണു്. അതിന്റെ തറ മാത്രമേ ഇപ്പോൾ അവിടെ കാണാനുള്ളൂ. അതിന്റെ തൂണുകളിൽ നിന്നും നിലത്തു് നിഴൽ പതിയുകയില്ലായിരുന്നത്രെ. ചെങ്ങന്നൂർ ക്ഷേത്രം പണിഞ്ഞതു് പ്രസിദ്ധനായ ഉണിയന്തൂർ പെരുന്തച്ചനായിരുന്നുവെന്നു് പറയപ്പെടുന്നു. വടക്കുനിന്നും പമ്പയിലൂടെ തോണി വഴിയായിരുന്നത്രേ പെരുന്തച്ചൻ വന്നതു്. ചെങ്ങന്നൂരിനടുത്തു വന്നപ്പോൾ അവിടെ ബ്രാഹ്മണർ കൂടുതൽ പാർക്കുന്ന സ്ഥലമാണെന്നു മനസ്സിലാക്കി. തുളസി, മാവില, ദർഭ മുതലായവകൊണ്ടു് പമ്പാനദി നിറഞ്ഞിരിക്കുന്നതായി പെരുന്തച്ചൻ കണ്ടു. ബ്രാഹ്മണർ യാഗം കഴിക്കുന്നതിന്റെ അവശിഷ്ടമാണെതെന്നു് അദ്ദേഹം മനസ്സിലാക്കിയത്രേ. പെരുന്തച്ചൻ ബ്രാഹ്മണവിരോധിയായിരുന്നു. ബ്രാഹ്മണർക്കു ദോഷം വരുന്ന വിദ്യകൾ അദ്ദേഹം ക്ഷേത്രം പണിയിൽ കാണിച്ചുപോലും. ബ്രാഹ്മണർക്കു ജപിക്കുന്നതിനു വേണ്ടിയുള്ള ഒരു മണ്ഡപം ശിവപ്രതിഷ്ഠക്കു മുമ്പിലുണ്ടു്. ദേവനെ തൊഴാൻ സാധിക്കാത്തവിധത്തിൽ അതു താഴ്ത്തിയാണു് നിമ്മിച്ചിരിക്കുന്നതു്. കിഴക്കോട്ടു് ദർശനം അടച്ചുകൊണ്ടു് നാട്യശാലയും നിമ്മിച്ചിരിക്കുന്നു. വളരെക്കാലം ഈ ക്ഷേത്രം അപൂർണ്ണമായിക്കിടന്നിരുന്നുവെന്നും അറിയുന്നു. അടുത്തകാലത്തു് ഇവിടെ സ്വർണ്ണക്കൊടിമരവും ഗോപുരവും നിമ്മിച്ചിട്ടുണ്ടു്. ഈ ക്ഷേത്രത്തിന്റെ പ്രസിദ്ധി വർദ്ധിച്ചുകൊണ്ടുതന്നെയാണു് ഇരിക്കുന്നതു്.

പമ്പാനദി കായലിൽ പ്രവേശിക്കുന്നതിനു മുമ്പ് കൈവഴികളായിപ്പിരിയുന്നു. എടത്വായിലൂടെയാണ് അവ കടന്നുപോകുന്നത്. നിരന്നപ്രദേശമാണ് എടത്വാ. നെൽപ്പാടങ്ങൾക്കു നടുവിൽ ചെറിയ ചെറിയ തുരുത്തുകൾ അവിടെക്കാണാം. തുരുത്തുകളിലാണ് ജനങ്ങൾ പാർക്കുന്നത്. എടത്വായിൽ ഒരു പള്ളിയുണ്ട്. ഗീവർഗ്ഗീസ്സ് പുണ്യവാളന്റെ നാമത്തിലാണ് ആ പള്ളി. എല്ലാവർഷവും മേടമാസത്തിലാണ് പള്ളിയിലെ പെരുന്നാൾ ആഘോഷം. ആഘോഷദിവസം ഇവിടുത്തെകരിമരുന്നു പ്രയോഗം പ്രസിദ്ധമാണ്. ഒരു രാത്രി മുഴുവൻ ആകാശത്തു് പല നിറത്തിലുള്ള അമിട്ടുകൾ പൊട്ടി വിതറുന്നു. എന്തൊരുഭംഗിയായിരിക്കും അതു കാണാൻ.

പമ്പ അവിടം കഴിഞ്ഞു് വീയപുരത്തു് എത്തുന്നു. ഇവിടെ പ്രസിദ്ധമായ ഒരു തടി ഡിപ്പോയുണ്ട്. ലക്ഷക്കണക്കിന് ക്യുറ്റൻ തടികൾ നിരത്തിയിട്ടിരിക്കുന്നതു് നല്ല ഒരു കാഴ്ചയണ്. അതിൽ നല്ല ഒരുഭാഗം പമ്പയിലൂടെ യാത്രചെയ്തു വന്നിട്ടുള്ളവയാണ്. ഇതിനടുത്തുവച്ചാണ് അച്ചൻകോവിലാറ് പമ്പയിൽ ചേരുന്നതു്.

അച്ചൻ കോവിലാറ് ചേരുന്നതോടുകൂടി പമ്പയുടെ ഗാംഭീര്യം തികഞ്ഞിരിക്കുന്നു. തുടൎന്ന് പമ്പ കുട്ടനാട്ട് എത്തുകയാണ്. അന്തമില്ലാതെ പരന്നു കിടക്കുന്ന നെൽപ്പാടങ്ങളാണ് രണ്ടു വശവും. പമ്പയുടെ ഉത്ഭവസ്ഥാനം കണ്ടിട്ടുള്ളവർ ഈ സ്ഥാനം കാണുമ്പോൾ പലതും ചിന്തിച്ചുപോകും. സമുദ്രനിരപ്പിൽനിന്നു് അയ്യായിരത്തിൽ പരം അടി ഉയരത്തിൽനിന്നും തുടങ്ങിയ യാത്രയാണിതു്. എന്തെല്ലാം കണ്ടു. എന്തെല്ലാം കേട്ടു! എത്തിയിരിക്കുന്നതോ? ആകാശം കണ്ണാടിനോക്കുന്നതിവിടെയാണെന്നു തോന്നിപ്പോകുന്ന സ്ഥലത്തു്. എവിടെ നോക്കിയാലും പാടങ്ങൾ; എവിടെ നോക്കിയാലും ജലപ്പരപ്പ്.

കേരളത്തിന്റെ നെല്ലറയാണ് കുട്ടനാട്. ഞാറുകൾ നാമ്പെടുത്തു കഴിഞ്ഞാൽ അനന്തമായ കുട്ടനാടൻ പാടം പച്ചപ്പട്ടു വിരിച്ചപോലെ മനോഹരമാകും. കൊയ്ത്തുകാലമാകുമ്പോൾ പൊൻകതിർക്കുലകളും തലോടിക്കൊണ്ട് കടൽക്കാററ് കടന്നുപോകും. കതിരിലൂടെ പുഞ്ചിരിതൂകിക്കൊണ്ട് അവ നൃത്തം വച്ചുതുടങ്ങും. ആ നൃത്തത്തിനാവശ്യമുള്ള സംഗീതം അതു കാണുന്നവരുടെ ചുണ്ടിൽ തനിയേ വന്നുകൊള്ളും. അരിവാളും നെൽക്കതിരും പിടിച്ചു നിൽക്കുന്ന കുട്ടനാടൻ കർഷകത്തൊഴിലാളിയെ നാം ഒരിക്കൽക്കണ്ടാൽ മറക്കുകയില്ല. അവരാണ് നമ്മെ തീററിപ്പോററുന്നത്. കൊയ്ത്തു കഴിഞ്ഞാൽ പാടംവെള്ളത്തിനടിയിലാകും. അതാണു പതിവ്. അപ്പോൾ കുട്ടനാടൻ പാടംതിരയില്ലാത്ത ഒരു മഹാസമുദ്രമാണെന്നു തോന്നും.

കുട്ടനാടിനെ സമ്പൽസമൃദ്ധമാക്കുന്നതു പമ്പയാണ്. എന്നാൽ ചിലപ്പോൾ വെള്ളപ്പൊക്കംമൂലം ചില്ലറയുപദ്രവങ്ങളും ഉണ്ടാകാറുണ്ട്. അതിൽ നിന്ന് നെൽപ്പാടങ്ങളെ രക്ഷിക്കുന്നതിനു വേണ്ടി ഇവിടെ തോട്ടപ്പള്ളി എന്ന സ്ഥലത്ത് ഒരു ചീപ്പ് നിർമ്മിച്ചിരിക്കുന്നു. സമുദ്രത്തിൽ നിന്നും നെൽപ്പാടങ്ങളിൽ ഉപ്പ് വെള്ളം കയറാതിരിക്കുന്നതിനും ഈ ചീപ്പ് ഉപയോഗിക്കുന്നു.

ഇനി പമ്പ അവളുടെ ലക്ഷ്യത്തിലെത്തുകയാണ്; വേമ്പനാട്ടുകായലിലേയ്ക്ക്. ഒരു സമുദ്രത്തിനു തുല്യം ഗംഭീരനാണ് വേമ്പനാട്ടുകായൽ. നമ്മുടെ കായലുകളിൽ ഏററവും വലുതാണ് അതു്. അവളെ കൈയാട്ടി വിളിക്കുകയാണ് ആ ഗംഭീരനായ കായൽ. പമ്പ പതുക്കെപ്പതുക്കെ ചെല്ലുകയാണ്. അവളെ തിരമാലയണിയിച്ചു സ്വീകരിക്കുന്ന കാഴ്ച ഒന്നു കാണേണ്ടതുതന്നെ.

അങ്ങനെ പമ്പ മലയോരത്തുവച്ച് ഒരണക്കെട്ടും കഴിഞ്ഞ് മലയോരങ്ങളിലൂടെ കടന്നുവരുന്നു. മണിയനാറ്, കക്കിയാറ്,

അഴുതയാറ്, കല്ലാറ്, കക്കാട്ടാറ്, അച്ചൻകോവിലാറ് എന്നിവയെല്ലാം പമ്പയുടെ പോഷകനദികളാണ്. ശബരിമല, പെരുനാട്, വടശ്ശേരിക്കര, റാന്നി, കോഴഞ്ചേരി, ആറന്മുള, തിരുവല്ല, നിരണം, പശ്ചുമല, എടത്വാ, വീയപുരം, കുട്ടനാട് എന്നിവയെല്ലാം പമ്പയുടെ തീരപ്രദേശങ്ങളാണ്. വേമ്പനാട്ടു കായലാണ് പതനസ്ഥലം.

മധൂ, ഇതു് ഒരു പൂർണ്ണമായ വിവരണമാണെന്നു് നീ വിശ്വസിക്കണമെന്നില്ല. പമ്പയുടെ ഒരു സാമാന്യ രൂപം നിനക്കു നൽകിയെന്നേയുള്ളൂ. അടുത്ത മദ്ധ്യവേനൽ അവധിക്കാലത്തു് നമുക്കു് ഒരു യാത്രതിരിക്കാം. എഴുത്തുകൾമൂലം ലഭിച്ച അറിവു് അന്നു് നിനക്കു് കുറേക്കൂടി വ്യക്തമാകും.

എന്നു്,

വാത്സല്യപൂർവ്വം

അച്ഛൻ.

ISLAM HIGH SCHOOL, ERNAKULAM.
Date........

ERNAKULAM

ബാലസാഹിത്യഗ്രന്ഥാവലി

... ISLAM HIGH SCHOOL ...
Date..................
... KULAM ...

# പമ്പാനദി

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, കേരളം.

Indic Digital Archive Foundation
gpura.org